ലക്കം 7
ഏപ്രിൽ 2013

വചനം

റിയാദ് കെ.എം.സി.സി മലപ്പുറം ജില്ലാ കമ്മറ്റി പ്രസിദ്ധീകരണം ഇ മാഗസിൻ

ആത്മാഭിമാനത്തിന്റെ ആറര പതിറ്റാണ്ട്; അഗ്നിപരീക്ഷണങ്ങളുടെയും

സർ സയ്യിദുമാരെ തേടുന്ന സമുദായം

പ്രവാസത്തിന്റെ പുതിയ മുഖം



RIYADH KMCC MALAPPURAM DISTRICT COMMITTEE
Vachanam e magazine

വചനം

ഏപ്രിൽ 2013

മാഗസിൻ സമിതി

രക്ഷാധികാരി
സയ്യിദ് അഷ്റഫ് തങ്ങൾ

എഡിറ്റർ
പി.ടി ഫിറോസ്

അസി. എഡിറ്റർ
ഷാജി.കെ മുഹമ്മദ്,

കോ-ഓർഡിനേറ്റർ
ബഷീർ ഇരുമ്പുഴി

പബ്ലിക്ക് റിലേഷൻ
അബ്ദുൽ അസീസ് കടലുണ്ടി നഗരം



കവർ ഡിസൈൻ
ശരീഫ് വാഴക്കാട്



04

ആത്മാഭിമാനത്തിന്റെ ആറര പതിറ്റാണ്ട്; അഗ്നിപരീക്ഷണങ്ങളുടെയും

സ്വതന്ത്രഇന്ത്യയിൽ മുസ്ലിംലീഗ് പുനരുജ്ജീവിപ്പിക്കുക യെന്നത് അതിശക്തമായ വെല്ലുവിളിയായിരുന്നു. വിഭജനത്തിന്റെ അനന്തരഫലമെന്നോണം രൂപപ്പെട്ട കൂട്ടക്കുരുതികളും, കൂട്ടപാലാ യനങ്ങളും സൃഷ്ടിച്ച സാമൂഹികമായ അരക്ഷിതാവസ്ഥയും, വിഭ ജനത്തിന്റെ പൂർണ ഉത്തരവാദിത്വം മുസ്ലിംലീഗിൽ ആരോപിച്ചു കൊണ്ടുള്ള പ്രചണ്ഡമായ പ്രചാരണവും, വർഗീയവാദികൾ, ചാര ന്മാർ, രാജ്യദ്രോഹികൾ തുടങ്ങിയ രൂക്ഷമായ വിമർശനങ്ങളും നി റഞ്ഞുനിന്ന സാഹചര്യത്തിൽ മുസ്ലിംലീഗിന് പ്രവർത്തനം തുട രുക അസാധ്യം തന്നെയായിരുന്നു.

സർ സയ്യിദുമാരെ തേടുന്ന സമുദായം



10

ലോക ചരിത്രത്തിൽ തുല്യതയില്ലാത്ത വിധം വളരെ യുക്തിഭദ്രമായ ആലോചനക ളിലൂടെയും ഉറച്ച കാൽവയ്പ്പുകളിലൂടെയും എങ്ങനെ സ്വത്വ പ്രതിസന്ധിയെ മറികടക്കാ നാവും എന്നതിന് ഇന്ത്യൻ മുസ്ലിംകളുടെ സവിശേഷമായ ചില കണ്ടെത്തലുകളുണ്ട്. ഈ ആലോചനകൾ തന്നെയാവണം ഭാവി സഞ്ചാരപഥങ്ങൾക്കും വഴികാട്ടിയാവേണ്ടത് എന്നത് നിസ്സംശയം പറയാം.

യാത്ര
ഹബ്ല പറയാൻ ബാക്കിവെച്ചത്
മുനീർ ഇബ്നു അലി 12

അനുഭവം
കൊലുസുമ്മു
ഹക്കീം കമ്പർ 16

കവിത
തിരിച്ചറിവ്
നൗഷാദ് കിളിമാനൂർ 18

സാങ്കേതികം
ഇനി ആൻഡ്രോയ്ഡ് വിപ്ലവം
എൻ. പി നവാസ് വേങ്ങര 19

കഥ
പുള്ളിത്തട്ടം
ഷംസാദ് മേലേതിൽ 21

വാർത്തകൾ 23

പ്രവാസത്തിന്റെ പുതിയ മുഖം

ഭയാശങ്കകളുടെ വിഷപ്പുകകൾ യഥേഷ്ടം പടർത്തിക്കൊണ്ടിരിക്കുന്ന വിധം അപകട സൂചകങ്ങളായ വാർത്തകൾ പ്രവാസ ജീവിതത്തെക്കുറിച്ച് വന്നുകൊണ്ടിരിക്കുകയാണല്ലോ ഇന്ന്. ഒരു നാടിന്റെ മൊത്തം സുഭിക്ഷതയുടെയും ഐശ്വര്യത്തിന്റെയും അടിത്തറക്ക് കാരണമായിരുന്ന ഗൾഫ് പ്രവാസ ജീവിതത്തിന് പൊതുവിലും സഊദി അറേബ്യയിലെ സാഹചര്യങ്ങൾക്ക് വിശേഷിച്ചും കനത്ത പ്രതിബന്ധങ്ങൾ പുതിയ നിയമങ്ങളുടെയും നിയന്ത്രങ്ങളുടെയും പേരിൽ വന്നുകൊണ്ടിരിക്കുന്നത് കാണാതിരിക്കാനാവില്ല.

ഒരു പ്രദേശത്തിന്റെ മാത്രമല്ല ഒരു സമൂഹത്തിന്റെ മൊത്തമായ വികാസത്തിനും വളർച്ചക്കും അതി മഹത്തായ സംഭാവനകൾ തങ്ങളുടെ ജീവിതം സമർപ്പിച്ചുകൊണ്ട് നൽകിയ പ്രവാസികൾ പുതിയ പ്രതിസന്ധികൾക്ക് മുന്നിൽ പകച്ചു നിൽക്കുമ്പോൾ ഒരു സമൂഹത്തിന്റെ മൊത്തം ഭാവിയാണ് ഇരുളടഞ്ഞതാവാൻ പോകുന്നത്. കേവലമായ ജീവസന്ധാരണത്തിന്റെ വൈയക്തിക തലങ്ങൾക്ക് അപ്പുറം സാമൂഹിക സുരക്ഷിതത്വത്തിന്റെ തലങ്ങളിലെ ഇടപെടലുകളും പ്രവാസവുമായി നേരിട്ട് ബന്ധപ്പെട്ട് കിടക്കുന്നു. ഗൾഫ് പ്രവാസികളുടെ തിരിച്ചുവരവ് കേരളീയ ഭൂമികയിൽ ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ എത്രമാത്രം ബീഭത്സമായിരിക്കും എന്നതിനെക്കുറിച്ച് ഇനിയും പഠിക്കേണ്ടതുണ്ട്.

ഈ ദശാസന്ധിയിൽ പുതിയ വെല്ലുവിളികളെ അസാമാന്യമായ ആത്മ നിയന്ത്രണത്തോടെ നേരിടാൻ ഓരോ പ്രവാസിയും ഒരുങ്ങേണ്ടതുണ്ട്. ദിനേനെയെന്നോണം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഓരോ നിയമങ്ങളും ആത്യന്തികമായി പ്രവാസികളുടെ തിരിച്ചുപോക്കിനായുള്ള ആഹ്വാനമാണെന്ന് അറിയുവാൻ കേവല ബുദ്ധി തന്നെ മതിയാവും. ഗൾഫ് രാജ്യങ്ങളിലെ വളർന്നുവരുന്ന തൊഴിലില്ലായ്മയെ നേരിടാനുള്ള ഇവിടുത്തെ ഭരണാധികാരികളുടെ പരിശ്രമങ്ങൾ നമ്മുടെ അവസരങ്ങൾക്ക് വിഘാതങ്ങൾ സൃഷ്ടിക്കുന്നത് സ്വാഭാവികമാണല്ലോ.

തിരിച്ചുപോയിക്കൊണ്ടിരിക്കുന്ന പ്രവാസികളെ പുനരധിവസിപ്പിക്കാനുള്ള വിവിധ പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാറുകൾ യാഥാർത്ഥ്യ ബോധത്തോടെ ഇനിയും ആസൂത്രണം ചെയ്യേണ്ടതായുണ്ട്. കേവലമായ പദ്ധതികൾക്കപ്പുറം വ്യാപകമായ പങ്കാളിത്തം സാധ്യമാവുന്ന തരത്തിലുള്ള ആസൂത്രണങ്ങൾക്കായി പരിശ്രമങ്ങളാണ് വേണ്ടത്. ഇക്കാര്യത്തിൽ സമ്മർദ്ധ ശക്തിയാകാനും ഇടപെടലുകൾ നടത്തുവാനും രാഷ്ട്രീയ സ്വാധീനം ഉപയോഗിക്കുവാനും പ്രവാസികൾക്ക് സാധിക്കണം. സംഘടനാ പ്രവർത്തകരും ഭാരവാഹികളും ഇക്കാര്യത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കണം. ഗവൺമെന്റ് തലത്തിൽ ആസൂത്രണം ചെയ്ത പെൻഷൻ, ക്ഷേമനിധി പദ്ധതികൾ എന്നിവ ഏറെ ശുഭോതർക്കമാണെങ്കിലും ഇവയുടെയെല്ലാം ഗുണഫലങ്ങൾ പൊതുസമൂഹത്തിൽ എത്തിക്കാനുള്ള ശ്രമങ്ങളും ഉണ്ടാവണം. പ്രവാസി സംഘടനകൾക്ക് ഇക്കാര്യത്തിൽ ഒരുപാട് ചെയ്യാനാവും. അതിഭീകരമായ അവസ്ഥയാണ് നിലവിലുള്ളത് എന്ന തരത്തിൽ ഭീതിപ്പെടുത്തുന്ന പ്രചരണം അഴിച്ച് വിട്ട് വസ്തുതകളെ പർവ്വതീകരിക്കുന്നതിന് പകരം വളരെ സൃഷ്ടിപരവും യഥാർത്ഥ്യ ബോധമുള്ള നിർദ്ദേശങ്ങളും പദ്ധതികളും സമർപ്പിക്കാൻ മാധ്യമപ്രവർത്തകരും ശ്രദ്ധിക്കണം

തങ്ങളുടെ ജീവിതം എരിച്ചുതീർത്ത് നാടിനും കുടുംബത്തിനും വേണ്ടി നരകയാതന അനുഭവിച്ചുകൊണ്ടിരിക്കുന്ന ഓരോരുത്തരും സ്വയം വിശകലനവും വിചിന്തനവും നടത്താൻ സമയം അതിക്രമിച്ചിരിക്കുന്നു. അതിസങ്കീർണ്ണമായ ജീവിത യാഥാർത്ഥ്യങ്ങൾക്ക് മുമ്പ് നിസ്സഹായരായി നെടുവീർപ്പിടുന്ന സാഹചര്യം സംജാതമാകുന്നതിന് മുമ്പ് നല്ലൊരു നാളെക്കായി കൃത്യമായ പ്ലാനിംഗും കണിശമായ മുന്നൊരുക്കങ്ങളും ഉണ്ടാവേണ്ടതുണ്ട്. വീട്ടുകാർക്കും കുടുംബത്തിനും വേണ്ടി കഷ്ടപ്പെടുമ്പോഴും സാഹചര്യങ്ങളുടെ സങ്കീർണത അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ചമൽക്കാരങ്ങളുടെയും വർണശബളതയുടെയും കെട്ടുകാഴ്ചകൾ അവസാനിക്കുകയും ഭാവിയെക്കുറിച്ച കിനാവുകൾ സഫലമാക്കാൻ കഠിനാദ്ധ്വാനം ചെയ്യാനൊരുങ്ങുകയും അതു വഴി പുതിയ പ്രഭാതത്തിനായി കാതോർക്കാനുമാകട്ടെ. അനിശ്ചിതത്തത്തിന്റെ കാർമേഘങ്ങൾ അകന്നു പോകാനും നന്മയുടെ പുത്തൻ പ്രതീക്ഷാകിരണങ്ങൾ സംജാതമാകാനും നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം



ടി.പി.എം.ബഷീർ



ആത്മാഭിമാനത്തിന്റെ ആറര പതിറ്റാണ്ട്; അഗ്നിപരീക്ഷണങ്ങളുടെയും

സ്വാതന്ത്ര്യത്തിലേക്കും ജനാധിപത്യത്തിലേക്കും ഉണർന്നു കഴിഞ്ഞ ഒരു രാജ്യത്തിന്റെ ഭാവിയും, ഭാഗധേയവും നിർണയിക്കുന്നതിൽ പൗരസമൂഹം എന്ന നിലയിൽ മുസ്‌ലിം ജനപഥം സ്വീകരിക്കേണ്ട സമീപനമെന്ത് എന്നത് ആറര പതിറ്റാണ്ടു മുമ്പ് ഒരു സമസ്യയായിരുന്നു. ആ സമസ്യയ്ക്ക് ശരിയായ പൂരണം നൽകിയത് ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബായിരുന്നു.

മുസ്‌ലിംകൾ മതേതരകക്ഷികളിൽ ചേരുകയാണ് വേണ്ടതെന്ന് മൗലാനാ അബ്ദുൽകലാം ആസാദും, ദൈവികഭരണവ്യവസ്ഥയ്ക്കു വേണ്ടി പരിശ്രമിക്കുകയെന്നത് മുസ്‌ലിംകളുടെ വിശ്വാസപരമായ ബാധ്യതയാണെന്ന് മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയും വാദിച്ചിരുന്ന കാലത്താണ്, ജനാധിപത്യസംവിധാനത്തിൽ രാഷ്ട്രീയസ്വയംശാക്തീകരണമാണ് ഒരു സമുദായം എന്ന നിലയിൽ അഭിമാനകരമായ നിലനിൽപ്പിന് അനിവാര്യം എന്ന ദർശനം ഖാഇദെമില്ലത്ത് അവതരിപ്പിക്കുന്നത്. ഈ ദർശനത്തിന്റെ സംഘടനാരൂപമാണ് മുസ്‌ലിംലീഗ്.

സ്വതന്ത്രഇന്ത്യയിൽ മുസ്‌ലിംലീഗ് പുനരുജ്ജീവിപ്പിക്കുകയെന്നത് അതിശക്തമായ വെല്ലുവിളിയായിരുന്നു. വിഭജനത്തിന്റെ അനന്തരഫലമെന്നോണം രൂപപ്പെട്ട കൂട്ടക്കുരുതികളും, കൂട്ടപലായനങ്ങളും സൃഷ്ടിച്ച സാമൂഹികമായ അരക്ഷിതാവസ്ഥയും, വിഭജനത്തിന്റെ പൂർണഉത്തരവാദിത്തം മുസ്‌ലിംലീഗിൽ ആരോപിച്ചുകൊണ്ടുള്ള പ്രചണ്ഡമായ പ്രചാരണവും, വർഗീയവാദികൾ, ചാരന്മാർ, രാജ്യദ്രോഹികൾ തുടങ്ങിയ രൂക്ഷമായ വിമർശനങ്ങളും നിറഞ്ഞുനിന്ന സാഹചര്യത്തിൽ മുസ്‌ലിംലീഗിന് പ്രവർത്തനം തുടരുക അസാധ്യം തന്നെയായിരുന്നു.



മുസ്‌ലിംലീഗിന്റെ പുനരുജ്ജീവനം തടയുന്നതിന് പ്രലോഭനങ്ങളും, പ്രകോപനങ്ങളുമായി സംഘടിതശ്രമങ്ങൾ ഏറെ നടന്നു. സ്വതന്ത്രഇന്ത്യയിൽ മുസ്‌ലിം ലീഗ് നിലനിൽക്കേണ്ടതില്ലെന്നും, അഥവാ നിലനിർത്തുകയാണെങ്കിൽ സാംസ്കാരികപ്രവർത്തനം മതിയെന്നും, വ്യത്യസ്ത വാദമുഖങ്ങൾ ഉയർന്നുവന്നു. 1947 ഒക്ടോബർ 20 ന് ഡൽഹിയിൽ മുസ്‌ലിംലീഗ് "പിരിച്ചുവിടൽ ദിനം" ആചരിച്ചു. ബോംബെയിൽ മുസ്‌ലിംലീഗ് "ഫോർത്ത് പാർട്ടി"എന്നു പേരു മാറ്റി. 1947 നവംബർ 9,10 തീയതികളിൽ കൽക്കത്തയിൽ ബംഗാൾ പ്രധാനമന്ത്രിയായിരുന്ന എച്ച്.എസ്.സുഹ്റവർദി ദേശീയാടിസ്ഥാനത്തിൽ മുസ്‌ലിംലീഗ് കൺവൻഷൻ വിളിച്ചുചേർത്തു. മുസ്‌ലിംലീഗ് പിരിച്ചുവിട്ട് പുതിയ പാർട്ടി രൂപീകരിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

മദ്രാസ് സംസ്ഥാന പ്രതിനിധികൾ എന്ന നിലയിൽ ഈ കൺവൻഷനിൽ പങ്കെടുത്ത ഖാഇദെ മില്ലത്തും കെ.എം.സീതി സാഹിബും സുഹ്റവർദിയുടെ നിലപാടിനെതിരെ രംഗത്തുവന്നു. മുസ്‌ലിംലീഗ് സ്വതന്ത്രഇന്ത്യയിൽ നിലനിൽക്കേണ്ടതുണ്ടെന്നും ആയതിന് സർവ്വേന്ത്യാമുസ്‌ലിംലീഗിന്റെ കൗൺസിൽ വിളിച്ചു ചേർക്കാൻ ഖാഇദെ അഅ്സമിയോട് ആവശ്യപ്പെടണമെന്നും അവർ വാദിച്ചു. കൺവൻഷനിൽ പങ്കെടുത്തവർക്ക് അവരുടെ വാദമുഖങ്ങളെ അംഗീകരിക്കേണ്ടി വന്നു. തന്റെ അജണ്ട നടപ്പാക്കാൻ കഴിയാതെ സുഹ്റവർദി നിരാശനായി. "രണ്ടു ദ്രാവിഡന്മാർ എന്റെ പദ്ധതി തകർത്തുകളഞ്ഞു" വെന്ന് സുഹ്റവർദി പറഞ്ഞതായി ചരിത്രകാരൻ എം.സി. വിവരിക്കുന്നു (സി.എച്ച്.മുഹമ്മദ് കോയ-രാഷ്ട്രീയ ജീവചരിത്രം-പേജ്-157).

ഈ കൺവൻഷൻ തീരുമാനമനുസരിച്ചാണ് 1947 ഡിസംബർ 14 ന് കറാച്ചിയിൽ സർവ്വേന്ത്യാ മുസ്‌ലിംലീഗിന്റെ കൗൺസിൽ ചേരുന്നത്. ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് പുന:സംഘടിപ്പിക്കാൻ ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് കൺവീനറായി നിയോഗിക്കപ്പെട്ടു. സ്വതന്ത്ര ഇന്ത്യയിൽ അവശേഷിച്ച മുസ്‌ലിംകളെ ഒരു സംഘടനയ്ക്കു കീഴിൽ ഏകോപിപ്പിക്കുകയെന്ന ശ്രമകരമായ ദൗത്യത്തിന് ഖാഇദെമില്ലത്ത് തന്റെ ജീവിതം സമർപ്പിച്ചു. പർവ്വതസമാനമായ പ്രതിസന്ധികൾ അദ്ദേഹത്തെ വലയം ചെയ്തു. പ്രലോഭനങ്ങളുടെ പേമാരി തിമർത്തു പെയ്തു. പക്ഷെ; വേട്ടയാടപ്പെടുകയും, പാർശ്വവൽക്കരിക്കപ്പെടുകയും, ജീവിതവുമായി ബന്ധപ്പെട്ട സകല പ്രതീക്ഷകളും അസ്തമിച്ചു പോവുകയും ചെയ്ത തന്റെ സമുദായത്തെ പ്രത്യാശ നൽകി ആർജ്ജവമേകി ഈ രാജ്യത്തിന്റെ മുഖ്യധാരയിലേക്ക് നിർമ്മാണത്തിന്റെ ഗുണപരതയിലേക്ക് വഴിനടത്തുകയെന്ന ജീവിതദൗത്യത്തിന് പ്രതിബന്ധമാകാൻ ഈ പ്രലോഭനങ്ങളെയും, പ്രകോപനങ്ങളെയും അദ്ദേഹം അനുവദിച്ചതേയില്ല. അങ്ങനെയാണ് 1948 മാർച്ച് 10ന് മദിരാശിയിലെ രാജാജി ഹാളിൽ മുസ്‌ലിം ലീഗിന്റെ കൗൺസിൽ യോഗം ചേരുന്നത്. മുസ്‌ലിം രാഷ്ട്രീയ ചരിത്രത്തിലെ ഏറ്റവും നിർണായകയോഗമായിരുന്നു അത്.

പ്രസ്തുത യോഗത്തെപ്പറ്റി ജ: എം.സി. വിശദീകരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള മാറിയ പരിതസ്ഥിതിയിൽ ഇന്ത്യയിലെ മുസ്‌ലിംകളുടെ സാമൂഹ്യ-വിദ്യാഭ്യാസ-രാഷ്ട്രീയ പുരോഗതിക്കായി ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് തുടരേണ്ടതാണെന്ന് സമർത്ഥിച്ചു കൊണ്ടുള്ള ഔദ്യോഗിക പ്രമേയം പി.കെ. മൊയ്തീൻകുട്ടി (മലബാർ) യാണ് അവതരിപ്പിച്ചത്.

പ്രമേയത്തെക്കുറിച്ച് 10 മണിക്കൂർ നീണ്ടു നിന്ന ചർച്ച നടന്നു. അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങൾ കൊണ്ട് രാജാജി ഹാളിന്റെ അന്തരീക്ഷം വികാരസാന്ദ്രമായി. ഒടുവിൽ ഒൻപതിനെതിരെ 23 വോട്ടുകളുടെ പിൻബലത്തോടെ പ്രമേയം പാസ്സായി. മദിരാശിയിൽ നിന്നുള്ള പ്രതിനിധികളിൽ 13 പേരും, ബാംഗ്ലൂർ, കുടക് സംസ്ഥാനങ്ങളിൽ നിന്ന് 5 പേരും, ബോംബെയിൽ നിന്ന് 4 പേരും മധ്യപ്രദേശിൽ നിന്നുള്ള ഒരാളും മുസ്‌ലിംലീഗ് നിലനിർത്തണമെന്ന് വാദിച്ചുകൊണ്ട് പ്രമേയത്തിന് അനുകൂലമായി വോട്ടു ചെയ്തു.

ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബിനെ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ പ്രഥമ പ്രസിഡന്റായും, മെഹബൂബ ലി ബേഗിനെ ജനറൽ സെക്രട്ടറിയായും, ഹാജി ഹസനലി.പി. ഇബ്രാഹിമിനെ ഖജാൻജിയായും തിരഞ്ഞെടുത്തു. (സി.എച്ച്. മുഹമ്മദ് കോയ-രാഷ്ട്രീയജീവചരിത്രം-പേജ്, 163-164).

മലബാറിൽ മുസ്‌ലിംലീഗ് ആവേശമായി നെഞ്ചേറ്റപ്പെടുകയായിരുന്നു. ദേശീയ മുസ്‌ലിംകളും, കോൺഗ്രസ്-കമ്മ്യൂണിസ്റ്റ് കക്ഷികളും മുസ്‌ലിം ലീഗിന്റെ വേരോട്ടം തടയാൻ എല്ലാ അടവു



കളും പയറ്റിയെങ്കിലും വിശ്വസ്തരും വിശുദ്ധരുമായ നേതാക്കളുടെ സാന്നിധ്യം മുസ്‌ലിംലീഗിന് വൻ സ്വീകാര്യതയേകി. ഈ സ്വീകാര്യതയ്ക്കു പിന്നിൽ നേതാക്കളും അനുയായികളും അനുഭവിച്ച ത്യാഗം വിവരണാതീതമാണ്.

1906-ൽ സർവേന്ത്യാ മുസ്‌ലിം ലീഗ് നിലവിൽ വന്നുവെങ്കിലും മുപ്പതുകളിലാണ് മലബാറിൽ മുസ്‌ലിം ലീഗിന്റെ വേരോട്ടമുണ്ടാകുന്നത്. 1937-ൽ കേന്ദ്രനിയമസഭ (പാർലമെന്റ്) യിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ മലബാറിൽ നിന്ന് (മലബാർ, സൗത്ത് കനറാ, നീലഗിരി ജില്ലകൾ) ഹാജി അബ്ദു സത്താർ സേട്ടുസാഹിബും, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും തമ്മിൽ നടന്ന മത്സരത്തിൽ സേട്ടു സാഹിബ് വിജയിച്ചു. രണ്ടുപേരും കോൺഗ്രസ്സുകാരായിരുന്നു. ഡൽഹിയിലെത്തിയ സേട്ടുസാഹിബ് മുസ്‌ലിംലീഗ് ദേശീയനേതാക്കളുമായി ബന്ധപ്പെടുകയും മലബാറിൽ മുസ്‌ലിംലീഗ് സംഘാടനത്തിന്റെ ദൗത്യം അദ്ദേഹം ഏറ്റെടുക്കുകയും ചെയ്തു.

അറക്കൽ അബ്ദുറഹിമാൻ ആലി രാജാസാഹിബ് (പ്രസിഡന്റ്), അബ്ദുസത്താർ സേട്ടു സാഹിബ്, (ജന:സെക്രട്ടറി), സി. പി. മമ്മുക്കേയി (ഖജാൻജി) എന്നിവരുടെ നേതൃത്വത്തിലായിരുന്നു മലബാർ ജില്ലാ മുസ്‌ലീം ലീഗിന്റെ പ്രഥമ കമ്മിറ്റി. കെ. എം. സീതിസാഹിബ് ഈ കമ്മിറ്റിയുടെ ജോ: സെക്രട്ടറിയായിരുന്നു. 1937 മുതൽ 1946 വരെ സംസ്ഥാന കേന്ദ്രനിയമ സഭകളിലേക്ക് നടന്ന എല്ലാ തെരഞ്ഞെടുപ്പുകളും പാർട്ടിയുടെ മുന്നേറ്റത്തിന്റെ പാഥേയമായി മാറി. 1937-ൽ സ്വാതന്ത്ര്യസമരനായകൻ മൗലാനാ ഷൗക്കത്തലി, 1945-ൽ സർവേന്ത്യാ മുസ്‌ലീംലീഗ് ജനറൽ സെക്രട്ടറി നവാബ്, സാഹിബ് ലിയാഖത്തലി ഖാൻ, 1946-ൽ സർവേന്ത്യാ മുസ്‌ലിംലീഗ് ജോ: സെക്രട്ടറി ഖാസി മുഹമ്മദ് ഈസാ സാഹിബ് തുടങ്ങിയ നേതാക്കളുടെ മലബാർ പര്യടനവും അവർക്ക് നൽകപ്പെട്ട സ്വീകരണങ്ങളും മുസ്‌ലിം ലീഗിന്റെ പ്രസ്ഥാനിക വളർച്ചക്ക് വമ്പിച്ച മുതൽക്കൂട്ടായി മാറി.

സ്വാതന്ത്ര്യത്തിനു ശേഷം മുസ്‌ലിംലീഗിന്റെ അസ്തിത്വവുമായി ബന്ധപ്പെട്ട എല്ലാ സംവാദങ്ങൾക്കും പരിസമാപ്തി കുറിച്ചുകൊണ്ട് 1948 മാർച്ച് 10ന് മുസ്‌ലിംലീഗ് യാഥാർത്ഥ്യമായി. പക്ഷെ പ്രതിബന്ധങ്ങൾ തുടരുന്നുണ്ടായിരുന്നു. "എന്റെ ശരീരത്തിൽ ഒരു തുള്ളി ചോരയുള്ളിടത്തോളം കാലം ഈ രാജ്യത്ത് മുസ്‌ലിംലീഗിനെ വളരാൻ അനുവദിക്കുകയില്ല" എന്ന മദ്രാസ് ആഭ്യന്തരമന്ത്രിയുടെ പ്രസ്താവന വൻപ്രതികരണമുണ്ടാക്കി. മദ്രാസ് നിയമസഭയിലെ ഒമ്പത് മുസ്‌ലിംലീഗ് എംഎൽഎമാർ പാർട്ടിയിൽ നിന്ന് രാജി വെച്ചു.

ഇന്ത്യയുടെ ഭരണഘടനാനിർമ്മാണസഭയിലെ മുസ്‌ലിംലീഗ് പാർട്ടി ലീഡർ ചൗധരി ഖലീക്കുസ്സമാൻ, ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ട്രഷറർ ആയിരുന്ന ഹാജി ഹസനലി പി. ഇബ്രാഹിം, ഹാജി അബ്ദുസ്സത്താർ സേട്ടു സാഹിബ് തുടങ്ങിയ ഒട്ടേറെ പ്രമുഖർ പാകിസ്ഥാനിലേക്ക് പോയി. സെൻട്രൽ അസംബ്ലിയിലെ മുസ്‌ലിംലീഗ് അംഗങ്ങൾ നവാബ് മുഹമ്മദ് ഇസ്മായിൽ ഖാന്റെ നേതൃത്വത്തിൽ യോഗം ചേർന്ന് പാർട്ടി പിരിച്ചുവിട്ടു.

മലബാറിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. മുൻ എം. എൽ.എ പി.പി. ഹസ്സൻകോയ, മദിരാശി കൺവൻഷനിൽ മുസ്‌ലിംലീഗ് നിലനിർത്തണമെന്ന



ഔദ്യോഗികപ്രമേയം അവതരിപ്പിച്ച പി.കെ.മൊയ്തീൻകുട്ടി, മലബാറിൽ മുസ്‌ലിംലീഗ് ശാഖാ കമ്മിറ്റികൾ പുന:സംഘടിപ്പിക്കാൻ ജ: ഒ.കെ. മുഹമ്മദ്കുഞ്ഞിയുടെ നേതൃത്വത്തിൽ രൂപീകരിച്ച സബ്കമ്മിറ്റി അംഗമായിരുന്ന കെ. കെ.അബുസാഹിബ് തുടങ്ങിയവരെല്ലാം മുസ്‌ലിം ലീഗിൽ നിന്നും രാജിവെച്ചു. ഈ പ്രതിസന്ധികൾക്കിടയിലാണ് സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളും, കെ. എം.സീതിസാഹിബും മലബാറിൽ മുസ്‌ലിംലീഗ് നട്ടുവളർത്തുന്നത്.

1946-ൽ മലബാർ ജില്ലാ മുസ്‌ലിം ലീഗ് പ്രസിഡന്റായിരുന്ന ആലിരാജാ അന്തരിച്ച ഒഴിവിൽ സത്താർ സേട്ടുസാഹിബ് പ്രസിഡന്റും പ്രസ്തുത ഒഴിവിൽ കെ. എം. സീതിസാഹിബ് ജന:സെക്രട്ടറിയുമായിരുന്നു. സത്താർസേട്ടു സാഹിബ് പാകിസ്ഥാനിലേക്ക് പോയ ഒഴിവിലാണ് ബാഫഖി തങ്ങൾ മലബാർ ജില്ലാ മുസ്‌ലിം ലീഗ് പ്രസിഡന്റാവുന്നത്. ബാഫഖി തങ്ങൾ-സീതിസാഹിബ് കൂട്ടുകെട്ട് സ്വാതന്ത്ര്യാനന്തര മലബാറിൽ മുസ്‌ലിം രാഷ്ട്രീയമുന്നേറ്റത്തിന് ശക്തമായ ചുവടുവയ്പായിരുന്നു.

1950-ഒക്ടോബർ 28ന് നടന്ന മലപ്പുറം ഉപതെരഞ്ഞെടുപ്പാണ് പുതിയ ഉയിർത്തെഴുന്നേൽപ്പിന്റെ നാന്ദിയായത്. മുസ്‌ലിംലീഗ് എംഎൽഎ ആയിരുന്ന കൊയപ്പത്തൊടി അഹമ്മദ് കുട്ടിഹാജിയുടെ നിര്യാണം മൂലം ഒഴിവു വന്ന സീറ്റിൽ മുസ്‌ലിംലീഗ് സ്ഥാനാർത്ഥിയായി മത്സരിക്കാൻ ആരും സന്നദ്ധമായിരുന്നില്ല. ഒടുവിൽ എം.പി. എം. ഹസ്സൻകുട്ടി കുരിക്കളാണ് ആ നിയോഗം ഏറ്റെടുത്തത്. മുസ്‌ലിംലീഗിന്റെ പച്ചക്കൊടി കെട്ടിയ കാറിൽ നാമനിർദ്ദേശപത്രിക നൽകാൻ ഹസ്സൻകുട്ടി കുരി





ക്കളേയും കൂട്ടി ചാക്കീരി അഹമ്മദ് കുട്ടി സാഹിബ് നടത്തിയ ധീരമായ യാത്ര, മുസ്‌ലിംലീഗ് ചരിത്രത്തിൽ പടയോട്ടമായി മാറുകയായിരുന്നു. ചാക്കീരി പ്രകടിപ്പിച്ച ധൈര്യവും, സ്ഥൈര്യവും സാധാരണക്കാരായ മുസ്‌ലിംലീഗ് പ്രവർത്തകരിൽ വമ്പിച്ച പരിവർത്തനം സൃഷ്ടിച്ചു. അവർ സംഘമായി ഹരിതപതാകയുമായി മുന്നോട്ടുവന്നു. പ്രസ്തുത തിരഞ്ഞെടുപ്പിൽ കുരിക്കൾ നേടിയ വിജയം പുതിയ ചരിത്രം രചിക്കുകയായിരുന്നു.

1952-ൽ നടന്ന സ്വതന്ത്രഇന്ത്യയിലെ ഒന്നാമത്തെ പൊതുതെരഞ്ഞെടുപ്പിൽ മലബാറിൽ നിന്ന് അഞ്ച് മുസ്‌ലിംലീഗ് സ്ഥാനാർത്ഥികൾ മദിരാശി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കെ. ഉപ്പിസാഹിബ് (തിരൂർ), ചാക്കീരി അഹമ്മദ്കുട്ടി (കോട്ടക്കൽ), കെ.കെ. മുഹമ്മദ് ശാഫി (പെരിന്തൽമണ്ണ), കെ.എം. സീതി സാഹിബ്, എം. ചടയൻ (മലപ്പുറം) എന്നിവരായിരുന്നു അവർ. ബി. പോക്കർ സാഹിബ് ലോകസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്സുമായി നേരിട്ട് ഏറ്റുമുട്ടി വിജയിച്ചുപോയ ഈ അഞ്ച് എംഎൽഎ മാരുടെ പിന്തുണയിലാണ് മദിരാശിയിൽ മന്ത്രിസഭ രൂപീകരിക്കാൻ കോൺഗ്രസിന് കഴിഞ്ഞത്. ഈ പിന്തുണക്ക് പകരമായി മന്ത്രിപദവിയല്ല മുസ്‌ലിംലീഗ് ആവശ്യപ്പെട്ടത്. ഫാറൂഖ് കോളേജിന് മദിരാശി സർവ്വകലാശാലയുടെ അംഗീകാരം വേണമെന്നായിരുന്നു. അധികാരം മുസ്‌ലിംലീഗിന്റെ പരമമായ ലക്ഷ്യമായിരുന്നില്ല എന്നർത്ഥം. മുസ്‌ലിംലീഗിനെ തകർക്കാൻ കോൺഗ്രസ് അടവുകൾ പതിനെട്ടും പയറ്റുമ്പോഴും, കോൺഗ്രസ്സിന് മന്ത്രിസഭയുണ്ടാക്കാൻ പിന്തുണച്ച മുസ്‌ലീംലീഗ് പാർട്ടിയേയാണ്, അഞ്ചാം മന്ത്രി വിവാദത്തിൽ "മുഖ്യമന്ത്രിയുടെ കഴുത്തിൽ കത്തിവെച്ച് ഭീഷണിപ്പെടുത്തി" എന്ന് ചിലർ അധിക്ഷേപിച്ചത്. ചരിത്രബോധമില്ലായ്മയുടെ മികച്ച ഉദാഹരണമാണ് ഇരുതലമൂർച്ചയുള്ള ഈ പ്രയോഗമെന്ന് സാന്ദർഭികമായി സൂചിപ്പിക്കട്ടെ.

1956 നവംബർ ഒന്നിന് മലബാറും, തിരുകൊച്ചിയും, തിരുവിതാംകൂറും ചേർന്ന് കേരളം ഒരു സംസ്ഥാനമായി. 1957-ൽ പ്രഥമ നിയമസഭാ തെരഞ്ഞെടുപ്പ് നടന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തി. ഈ തെരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗും, പി.എസ്. പിയും സഹകരിച്ചാണ് മത്സരിച്ചത്. കേരള രാഷ്ട്രീയത്തിൽ മുസ്‌ലിം ലീഗിനെ ആദ്യമായി അംഗീകരിച്ച പാർട്ടിയാണ് പി.എസ്.പി. ഈ ധാരണയെ പലർക്കും ഉൾക്കൊള്ളാനായില്ല. "രണ്ടു മുടന്തന്മാർ കൂടിയാൽ ഒരു നല്ല മനുഷ്യനാവില്ല" എന്നായിരുന്നു പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ പ്രതികരണം.

കോൺഗ്രസ് സ്ഥാനാർത്ഥികളുടെ പ്രചാരണത്തിന് മലബാറിൽ എത്തിയ നെഹ്റു മുസ്‌ലിം ലീഗിനെ അടച്ചാക്ഷേപിച്ചു. "മുസ്‌ലിംലീഗ് ഒരു ചത്ത കുതിരയാണെന്നും അത് കാഴ്ചബംഗ്ലാവിൽ സൂക്ഷിക്കേണ്ട ചരിത്രവസ്തുവാണെന്നുമായിരുന്നു" നെഹ്റുവിന്റെ ആക്ഷേപം. ഈ ആക്ഷേപങ്ങൾക്കെതിരെ ചാട്ടുളിപോലെ സി.എച്ച്. മറുപടി പറഞ്ഞു. "മുസ്‌ലീംലീഗ് ഉറങ്ങിക്കിടക്കുന്ന സിംഹമാണെന്നും, അതിന്റെ ഗർജ്ജനം ഈ ഉപഭൂഖണ്ഡത്തിൽ ഒരിക്കൽകൂടി മുഴങ്ങിക്കേൾക്കുമെന്നും" സി.എച്ച് പ്രഖ്യാപിച്ചു.

പ്രഥമനിയമസഭയിൽ മുസ്‌ലിം ലീഗിന് എട്ട് എം.എൽ.എ.മാരുണ്ടായിരുന്നു. സി.എച്ച് ആയിരുന്നു പാർട്ടി ലീഡർ. കോഴിക്കോട് പാർലമെന്റ് മണ്ഡലത്തിൽ കെ.എം സീതിസാഹിബ് പരാജയപ്പെട്ടത് ദു:ഖകരമായ ഓർമ്മയായി. മഞ്ചേരി ലോകസഭാ സീറ്റിൽ നിന്ന് പോക്കർ സാഹിബ് വിജയിച്ചു.

1959-ൽ നടന്ന വിമോചനസമരത്തിനൊടുവിൽ ഇ.എം.എസ് മന്ത്രിസഭയെ പിരിച്ചുവിട്ടു. 1960ൽ കോൺഗ്രസ്-മുസ്‌ലിംലീഗ്-പി. എസ്.പി സഖ്യമാണ് മത്സരിച്ചത്. ഒന്നിച്ച് മത്സരിച്ച്, ഒന്നിച്ച് ജയിച്ച് ഒന്നിച്ച് ഭരിക്കുമെന്നായിരുന്നു മുദ്രാവാക്യം. പക്ഷെ ഭരിക്കാൻ ഭൂരിപക്ഷം കിട്ടിയപ്പോൾ മുസ്‌ലിം ലീഗിന് ലഭിച്ചത് സ്പീക്കർ സ്ഥാനം മാത്രം. കെ.എം. സീതി സാഹിബായിരുന്നു സ്പീക്കർ. 1961 ഏപ്രിൽ 17ന് സീതിസാഹിബ് അന്തരിച്ചു. പകരം സി.എച്ച്. സ്പീക്കറായി. പിന്നീട് സ്പീക്കർ സ്ഥാനം രാജി വെച്ച് സി.എച്ച്. 1962-ൽ നടന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ കോഴിക്കോട് മണ്ഡലത്തിൽ നിന്ന് വിജയിച്ചു. മഞ്ചേരിയിൽ നിന്ന് ഖാഇദെ മില്ലത്തും വിജയിച്ചു.

1965-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ആർക്കും ഭൂരിപക്ഷമുണ്ടായില്ല. രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി. 1967-മാർച്ച് 3ന് സപ്തകക്ഷി മുന്നണി മന്ത്രിസഭ അധികാരത്തിൽ വന്നു. ഇ.എം. എസ് ആയിരുന്നു മുഖ്യമന്ത്രി. സി.എച്ച്. വിദ്യാഭ്യാസമന്ത്രിയും, ബാപ്പുകുരിക്കൾ പഞ്ചായത്ത്-ഫിഷറീസ് വകുപ്പുമന്ത്രിയുമായി.

മലപ്പുറം ജില്ല, കാലിക്കറ്റ് സർവകലാശാല, മുസ്‌ലിം-നാടാർ വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്, ഹൈസ്കൂൾ വിദ്യാഭ്യാസം സൗജന്യവും, സാർവത്രികവുമായത്, സർവകലാശാല സെനറ്റുകളിൽ വിദ്യാർത്ഥി പ്രാതിനിധ്യം, വിപുലമായ ഭാഷാ പഠന സൗകര്യങ്ങൾ തുടങ്ങിയ ശ്രദ്ധേയവും, നവോത്ഥാനത്തിന്റെ ചാലക ശക്തിയുമായ ഒട്ടേറെ നേട്ടങ്ങളും, ഭരണപരിഷ്കാരങ്ങളും ഉണ്ടായത് ഈ മന്ത്രിസഭയുടെ കാലത്താണ്.

1969-ൽ ഇ.എം.എസ് മന്ത്രിസഭ

ആറരപതിറ്റാണ്ടു കാലത്തെ അഗ്നിപരീക്ഷണങ്ങൾ അതിജീവിച്ചു കൊണ്ടാണ് മുസ്‌ലിംലീഗ് അതു തെളിയിച്ചത്. നയപരിപാടികളും പ്രവർത്തന രീതികളും സുതാര്യം. വിശ്വാസ്യതയുള്ള നേതൃത്വം. രൂപീകരണകാലത്ത് അംഗീകരിച്ച നയങ്ങളിലോ, പതാകയിലോ യാതൊരു മാറ്റവും ഇല്ല. ജനാധിപത്യ സംവിധാനത്തിൽ പ്രായോഗികമെന്നു തെളിയിക്കപ്പെട്ട രാഷ്ട്രീയമാർഗം. ആർക്കും നിഷേധിക്കാനാവാത്ത കരുത്തുറ്റ സാന്നിധ്യം. ഇത് ആത്മാഭിമാനത്തിന്റെ ദശകങ്ങൾ കൂടിയാണ്.

രാജിവെച്ചു. മുസ്‌ലിം ലീഗ് ഉൾപ്പെട്ട നാലുകക്ഷികൾ അതിനു മുമ്പ് മുന്നണി വിട്ടിരുന്നു. നിയമസഭ പിരിച്ചു വിട്ടിരുന്നില്ല. അതിനാൽ ബാഫഖി തങ്ങളുടെ രാഷ്ട്രീയതന്ത്രജ്ഞതയുടെ ഫലമായി സി. അച്യുതമേനോന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ അധികാരമേറ്റു. സി. എച്ചും, നഹാ സാഹിബുമായിരുന്നു മുസ്‌ലിം ലീഗ് മന്ത്രിമാർ. വിദ്യാഭ്യാസത്തിനു പുറമെ ആഭ്യന്തരവകുപ്പു കൂടി സി.എച്ച്. കൈകാര്യം ചെയ്തു.

പിന്നീട് 1970, 77, 80, 82, 87, 91, 96, 2001, 2006, 2011 വർഷങ്ങളിൽ നടന്ന ഓരോ തെരഞ്ഞെടുപ്പുകളും മുസ്‌ലിം ലീഗിന് ഓരോ പരീക്ഷണം തന്നെയായിരുന്നു. മുസ്‌ലിംലീഗ് രൂപം നൽകിയ ഐക്യമുന്നണിയിലേക്ക് കോൺഗ്രസ്സ് കടന്നുവരികയും, സിപിഐ ഇടതുപക്ഷത്തേക്ക് പോയപ്പോൾ കോൺഗ്രസ്സ് മുന്നണിയുടെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു. 1967-ൽ ഒമ്പത് അംഗങ്ങൾ മാത്രമുണ്ടായിരുന്ന കോൺഗ്രസ് കെ.കരുണാകരന്റെ നേതൃത്വത്തിൽ ശക്തമായ തിരിച്ചുവരവ് നടത്തി. നാല് പതിറ്റാണ്ടിലേറെയായി ഐക്യജനാധിപത്യ മുന്നണി സംവിധാനം ഭദ്രമായി മുന്നോട്ടു പോകുന്നു. നിയമസഭയിലെ മുസ്‌ലിംലീഗ് പാർട്ടിയുടെ അംഗസംഖ്യ ഏറിയും കുറഞ്ഞും ഇപ്പോൾ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രാതിനിധ്യത്തിൽ എത്തി നിൽക്കുന്നു. പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ നേതൃത്വത്തിൽ 20 എംഎൽഎ.മാർ! അഞ്ച് മന്ത്രിമാരും! ലോകസഭയിൽ 1962-ൽ ഒറ്റക്കു നേടിയ രണ്ട് സീറ്റു തന്നെയാണ് ഇപ്പോഴുമുള്ളത്. മുസ്‌ലിംലീഗ് അഖിലേന്ത്യാ പ്രസിഡന്റ് ഇ. അഹമ്മദ് സാഹിബും, സെക്രട്ടറി ഇ.ടി. മുഹമ്മദ് ബഷീർ സാഹിബും. തമിഴ് നാട്ടിൽ നിന്നുള്ള അബ്ദുറഹിമാൻ സാഹിബ് കേരളത്തിനു പുറത്തു നിന്നുള്ള പ്രാതിനിധ്യം എന്ന അഭിമാനം നൽകുന്നു. അരനൂറ്റാണ്ടു കാലത്തെ രാജ്യസഭാ പ്രാതിനിധ്യം നമുക്കു നഷ്ടമായി. ഇ. അഹമ്മദ് സാഹിബിന്റെ കേന്ദ്രമന്ത്രിസഭാ പങ്കാളിത്തം ആറരദശകത്തിനിടയിലെ അഭിമാനകരമായ നേട്ടമാണ്.

1979 ഒക്ടോബർ 12ന് കേരളത്തിന്റെ മുഖ്യമന്ത്രിയായി സി.എച്ച്. അധികാരമേറ്റു. മുസ്‌ലിംലീഗ് ചരിത്രത്തിലെ തിളങ്ങുന്ന അധ്യായം. സമൂഹജീവിതത്തിന്റെ സമതലങ്ങളിൽ നിന്ന് അവഗണനയുടെ അഗണ്യകോടിയിലേക്ക് തള്ളിമാറ്റപ്പെട്ട ഒരു ജനപഥത്തിന്റെ പ്രതിനിധി ഒരു സംസ്ഥാനത്തിന്റെ ഭരണത്തലവനായി മാറിയ സുഭഗ സുന്ദരമുഹൂർത്തം!

മുസ്‌ലിംലീഗിനെതിരെ സമാന്തരസംഘടനാ പരീക്ഷണങ്ങളും ഇടക്കാലത്ത് നടക്കുകയുണ്ടായി. 1957-ൽ "പ്രോഗ്രസ്സീവ് ലീഗു" മായി വന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. 1967-ൽ "സമസ്ത മുസ്‌ലിംലീഗു" മായി വന്നത് കോൺഗ്രസും മുസ്‌ലിംലീഗിനെ തകർക്കാൻ വന്ന രണ്ടു സമാന്തരലീഗുകളും തകർന്നുപോയി. മുസ്‌ലിംലീഗ് മുന്നോട്ടുപോയി. 1980-ൽ മുസ്‌ലിം ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യ (എം.ഡി.പി) സുന്നി രാഷ്ട്രീയവുമായി വന്നു. പക്ഷെ നിലനിൽപ്പുണ്ടായില്ല.

1990-നു ശേഷം മുസ്‌ലിം വൈകാരികതയെ ചൂഷണം ചെയ്ത് പുതിയ പരീക്ഷണങ്ങൾ! അരാഷ്ട്രീയ വാദവുമായാണ് അബ്ദുന്നാസർ മഅ്ദനി ഐ എ സ്എസ് രൂപീകരിച്ചത്. "രാഷ്ട്രീയത്തിന്റെ ചെളിക്കുണ്ടിൽ വീണു പോകരുത് മക്കളേ" എന്നായിരുന്നു ആഹ്വാനം. എന്നാൽ യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ ഐ.എസ്.എസ് പിരിച്ചുവിട്ട് പി.ഡി.പി. എന്ന "രാഷ്ട്രീയ" സംഘടനക്ക് അദ്ദേഹം രൂപം നൽകി. അരാഷ്ട്രീയതയും, അതിവൈകാരികതയും, കൈമുതലാക്കിയവരുടെ പെട്ടെന്നുള്ള ഈ "രാഷ്ട്രീയ" മാറ്റത്തിനു ന്യായീകരണമുണ്ടായിരുന്നില്ല.



"പ്രതിരോധ"ത്തിന്റെ മറവിലാണ് എൻ.ഡി.എഫ് വന്നത്. അരാഷ്ട്രീയതയും, തീവ്രവാദവുമായിരുന്നു എൻ.ഡി.എഫിന്റെ മുഖമുദ്ര. മുസ്‌ലിം സമുദായത്തെ ഫാസിസ്റ്റുകളിൽ നിന്ന് രക്ഷിക്കാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരു പ്രതിരോധ സംഘം എന്ന സ്വയം വിശേഷണവുമായി വന്ന എൻ.ഡി.എഫ്, പിന്നീട് എസ്.ഡി.പി.ഐ എന്ന "രാഷ്ട്രീയപ്പാർട്ടി" രൂപീകരിച്ചു. ഈ നയംമാറ്റത്തിനും ന്യായീകരണമുണ്ടായിരുന്നില്ല.

അടിയന്തരാവസ്ഥ വരെ വോട്ടു ചെയ്യുന്നത് "ശിർക്കാ"യി പരിഗണിക്കുകയും, ജനാധിപത്യത്തെ നിരാകരിക്കുകയും, ദൈവാധിപത്യത്തെക്കുറിച്ചു വാചാലരാവുകയും ചെയ്തവർ അടിയന്തരാവസ്ഥയ്ക്കു ശേഷം "മൂല്യ"ത്തിന്റെ അടിസ്ഥാനത്തിൽ വോട്ട് "ഹലാലാ"ക്കുകയും പിന്നീട് പാർട്ടികൾക്കും മുന്നണികൾക്കും പിന്തുണ കൊടുക്കുകയും, ഭാഗികമായാണെങ്കിലും തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും, ഒടുവിൽ സ്വന്തമായി "വെൽഫെയർ പാർടി ഓഫ് ഇന്ത്യ" എന്ന പേരിൽ രാഷ്ട്രീയ പ്പാർട്ടി രൂപീകരിച്ചു പതിറ്റാണ്ടുകളായി പിന്തുടർന്നുപോന്ന സ്വന്തം നയങ്ങൾ തന്നെയാണ് ജമാഅത്തെ ഇസ്‌ലാമി തള്ളിപ്പറഞ്ഞിരിക്കുന്നത്.

90-നു ശേഷം രൂപപ്പെട്ട ഈ പരീക്ഷണങ്ങളെല്ലാം ലക്ഷ്യം വെക്കുന്നത് മുസ്‌ലിംലീഗിനെയാണ്. സമാന്തര രാഷ്ട്രീയ പ്പാർട്ടികൾ വിജയിക്കില്ലെന്ന തിരിച്ചറിവിൽ നിന്ന് ആദ്യം അതി വൈകാരികതയോ, തീവ്രവാദമോ, അരാഷ്ട്രീയതയോ പ്രചരിപ്പിച്ച് അണികളെ സൃഷ്ടിക്കുകയും ശേഷം അവരെ സ്വന്തം രാഷ്ട്രീയ താൽപ്പര്യങ്ങളിലേക്ക് തെറ്റായി നയിക്കുകയുമാണീ വിഭാഗങ്ങൾ ചെയ്തത്. ഇത് കാപട്യമാണ്. സത്യസന്ധത തെല്ലുമില്ലാത്ത ഇത്തരം രാഷ്ട്രീയ അഭ്യാസങ്ങൾക്ക് സമുദായത്തിനകത്തോ, ഹിഡൻ അജണ്ടകൾ തിരിച്ചറിയപ്പെടുമെന്നതിനാൽ പൊതുസമൂഹത്തിലോ സ്വീകാര്യത ലഭിക്കില്ലെന്നുറപ്പാണ്. അതു കൊണ്ടു തന്നെ മുസ്‌ലിംലീഗിനു പ്രതിയോഗികളാകാൻ ഈ സംഘടനകൾക്ക് കരുത്തുമില്ല. മുസ്‌ലിംലീഗിന്റെ സിംഹാസനം സ്വന്തമാക്കുകയെന്നത് വ്യാമോഹം മാത്രമായി മാറും.

ആറരപതിറ്റാണ്ടു കാലത്തെ അഗ്നിപരീക്ഷണങ്ങൾ അതിജീവിച്ചു കൊണ്ടാണ് മുസ്‌ലിംലീഗ് അതു തെളിയിച്ചത്. നയപരിപാടികളും പ്രവർത്തന രീതികളും സുതാര്യം. വിശ്വാസ്യതയുള്ള നേതൃത്വം. രൂപീകരണകാലത്ത് അംഗീകരിച്ച നയങ്ങളിലോ, പതാകയിലോ യാതൊരു മാറ്റവും ഇല്ല. ജനാധിപത്യ സംവിധാനത്തിൽ പ്രായോഗികമെന്നു തെളിയിക്കപ്പെട്ട രാഷ്ട്രീയമാർഗം. ആർക്കും നിഷേധിക്കാനാവാത്ത കരുത്തുറ്റ സാന്നിധ്യം. ഇത് ആത്മാഭിമാനത്തിന്റെ ദശകങ്ങൾ കൂടിയാണ്.

ജനാധിപത്യ കേരളത്തിന്റെ വിദ്യാഭ്യാസ-സാമൂഹിക മുന്നേറ്റത്തിൽ നിർണായക പങ്കുവഹിക്കാൻ മുസ്‌ലിംലീഗിനു സാധ്യമായി. ഒരു സമുദായത്തിന്റെ സ്വത്വസംരക്ഷണം അടിസ്ഥാനമാക്കിയ ഒരു പാർട്ടിക്ക് പൊതുസമൂഹത്തിന്റെ വളർച്ചയിൽ മുഖ്യധാരാ രാഷ്ട്രീയപ്പാർട്ടികൾക്കൊപ്പമോ, പലപ്പോഴും അതിലധികമോ ഭരണപരമായും, സംഘടനാപരമായും ഇടപെടാൻ കഴിഞ്ഞുവെന്നത് നിസ്തർക്കമത്രെ. ഖാഇദെമില്ലത്ത് മുതൽ ശിഹാബ് തങ്ങൾ വരെയുള്ള നായകൻമാരുടെ വ്യക്തിപ്രഭാവവും, ജീവിത വിശുദ്ധിയും, ദീർഘവീക്ഷണവും, ഹൃദയവിശാലതയും മുസ്‌ലിംലീഗ് പാർട്ടിയെ എല്ലാ പ്രതിസന്ധികളിൽ നിന്നും പരിരക്ഷിക്കുകയും വളർച്ചയിൽ മുതൽക്കൂട്ടായിത്തീരുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ നേതൃത്വം ഈ മാതൃക തുടരുന്നുമുണ്ട്. മുസ്‌ലിം സമുദായത്തിന്റെ വിശ്വാസ്യതയും, പൊതുസമൂഹത്തിന്റെ സ്വീകാര്യതയും നേടാൻ കഴിഞ്ഞതാണ് മുസ്‌ലിംലീഗിന്റെ വിജയം. സമ്പന്നമായ ഈ ചരിത്രപൈതൃകമാണ് പുതിയ വിജയത്തിന്റെ, മുന്നേറ്റത്തിന്റെ കരുത്തായി മാറിയത്. ബദലുകളില്ലാത്ത മഹത് പ്രസ്ഥാനമായി ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് നിലനിൽക്കുകതന്നെ ചെയ്യും.



നിരീക്ഷണം



പി.ടി ഫിറോസ് പുളിക്കൽ

സർ സയ്യിദുമാരെ തേടുന്ന സമുദായം



ആധുനിക ലോകവുമായുള്ള സർവ ഇടപാടുകൾക്കും ആധുനിക വിദ്യാഭ്യാസമാണ് അനുഭവ പാഠം ഇന്ത്യൻ മുസ്‌ലിംകളുടെ ശോചനീയാവസ്ഥയിൽ നിന്ന് രക്ഷപ്പെടാനുള്ള ചിന്തയായി അദ്ദേഹം അവതരിപ്പിച്ചു.

ന്യൂനപക്ഷ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട ജനാധിപത്യ സംവിധാനങ്ങൾക്ക് പൊതുവിൽ തന്നെ ചില ബലഹീനതകൾ ഉണ്ട് എന്ന നിരീക്ഷണം ഏറെ പ്രബലമാണ്. ബലഹീനതകളെ മറികടക്കുന്നതിൽ ന്യൂനപക്ഷങ്ങൾ സ്വീകരിക്കുന്ന രീതി ശാസ്ത്രവും മാർഗ്ഗവും ലക്ഷ്യത്തെപ്പോലെതന്നെ പ്രസക്തവുമാണ്. ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതും ഇപ്പോൾ നേരിടുന്നതുമായ പ്രതിസന്ധികളെക്കുറിച്ചും പരിഹാരത്തെക്കുറിച്ചും ഉള്ള ചരിത്രപരമായ ഒരു വായന ഇക്കാലത്ത് ഏറെ അനിവാര്യമാണ്.

തങ്ങളുടെ കടമകൾ നിറവേറ്റാനും രാഷ്ട്രീയമായ അവകാശങ്ങൾ സംരക്ഷിക്കാനും എന്ത് ചെയ്യാനാവും എന്നതിന് ഇന്ത്യൻ മുസ്‌ലിംകൾക്ക് വൈവിധ്യമാർന്ന ഉത്തരങ്ങൾ നൽകപ്പെട്ടിട്ടുണ്ട് പല ദശാസന്ധികളിലും. അതിജീവനവും വളർച്ചയുമായി ബന്ധപ്പെട്ട കാതലായ പ്രശ്നങ്ങൾ ഇന്നും അനുഭവിക്കുന്നുണ്ട്. ഖാഇദേ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ അന്തസാർന്ന നിലനിൽപ് (Honorable existance) എന്ന സംജ്ഞ തന്നെ അതീജീവനവുമായി ബന്ധപ്പെട്ട വളരെ കാലികമായ ഒരാശയം മുന്നോട്ട് വയ്ക്കുന്നുണ്ട്.ലോക ചരിത്രത്തിൽ തുല്യതയില്ലാത്തവിധം വളരെ യുക്തിഭദ്രമായ ആലോചനകളിലൂടെയും ഉറച്ച കാൽവയ്പ്പുകളിലൂടെയും എങ്ങനെ സ്വത്വ പ്രതിസന്ധിയെ മറികടക്കാനാവും എന്നതിന് ഇന്ത്യൻ മുസ്‌ലിംകളുടെ സവിശേഷമായ ചില കത്തെലുകളുണ്ട്. ഈ ആലോചനകൾ തന്നെയാവണം ഭാവി സഞ്ചാരപഥങ്ങൾക്കും വഴികാട്ടിയാവേണ്ടത് എന്ന് നിസ്സംശയം പറയാം.

പത്തൊമ്പതാം നൂറ്റാണ്ടിലെ ഇസ്ലാമിക നവജാഗരണവുമായി ബന്ധപ്പെട്ട സർ സയ്യിദ് അഹമ്മദ് ഖാന്റെ ഇടപെടലുകളും ചടുലമായ കാൽവയ്പുകളും ഇന്നും പ്രസക്തമായവ തന്നെയാണ്. അത്യന്താധുനിക കാലഘട്ടത്തിലെ ശാക്തീകരണവും അതിജീവനവും തേടുന്ന വഴികളും മറ്റൊന്നല്ല. സർ സയ്യിദ് അന്ന് ഉയർത്തിവിട്ട ചിന്താവിപ്ലവവും അത് ഉത്പാദിപ്പിച്ച ഊർജ്ജവും ഇന്ന് നമുക്ക് ഏറ്റെടുക്കാനാവുമോ എന്ന

പ്രസക്തമായ ചോദ്യം അന്തരീക്ഷത്തിൽ മുഴങ്ങുന്നുണ്ട്.

മുസ്‌ലിംകൾക്ക് രാഷ്ട്രീയ അധികാരം നഷ്ടപ്പെടുകയും അവർ വെറുക്കുന്ന ഒരു വൈദേശിക ആധിപത്യത്തിന്റെ കീഴിൽ പീഡിപ്പിക്കപ്പെടുകയും ചെയ്തത് ചരിത്രത്തിലെ ഒരു ഭീതിത കാലഘട്ടത്തിലായിരുന്നുവല്ലോ സർ സയ്യിദ് പുത്തൻ ആലോചനകൾക്ക് തിരികൊളുത്തിയത്. 1857ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന് ശേഷം മുസ്‌ലിം സമുദായം അതിക്രൂരമായി വേട്ടയാടപ്പെട്ട സാഹചര്യമുണ്ടായി. സമരം നടത്തിയത് എല്ലാവരും ഒരുമിച്ചാണെങ്കിലും മുഴുവൻ പാപഭാരവും ബ്രിട്ടീഷുകാർ മുസ്‌ലിംകളുടെ മുതുകിലാണ് വച്ചു കെട്ടിയത്.

ഇംഗ്ലീഷ് ഭരണം വ്യവസ്ഥാപിതമായതോടെ തന്നെ മുസ്‌ലിംകൾ സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ നിന്ന് ഏറെക്കുറെ നിഷ്കാസിതമായിരുന്നു. അന്നുവരെ തങ്ങളുടെ നിയന്ത്രണത്തിലുണ്ടായിരുന്ന ഭരണവും ഭരണ വിജ്ഞാനങ്ങളും എല്ലാം ഭരണ ഭാഷ ഇംഗ്ലീഷാക്കുന്നതിലൂടെ നഷ്ടപ്പെട്ടു എന്നതായിരുന്നു ഒരു കാതലായ പ്രതിസന്ധി. മുസ്‌ലിംകളുടെ മറ്റൊരു പ്രധാന ജീവിതോപാധി ആയിരുന്ന ഉദ്യോഗവും വിദ്യാഭ്യാസത്തിന്റെ ആധുനിക വത്കരണത്തോടെ നഷ്ടപ്പെട്ടു. വിദ്യാഭ്യാസ ആവശ്യത്തിനായി വഖഫ് ചെയ്തിരുന്ന കോടികൾ അന്യാധീനപ്പെടുകയോ ദുരുപയോഗം ചെയ്യപ്പെടുകയോ ചെയ്തു. മുസ്‌ലിം വിദ്യാഭ്യാസം എന്നത് തന്നെ പേരിന് മാത്രമായി ചുരുങ്ങി. വിപ്ലവത്തിന്റെ പിറ്റേ വർഷം തന്നെ കൽക്കത്ത, മദ്രാസ്, ബോംബെ യൂണിവേഴ്സിറ്റികൾ ഉദ്ഘാടനം ചെയ്യപ്പെട്ടു എങ്കിലും ഈ പുത്തനുണർവ്വ് പല കാരണങ്ങളാലും മുസ്‌ലിം കളിൽ എത്തിയില്ല.


ചുരുക്കത്തിൽ മുസ്‌ലിംകൾക്ക് അഞ്ചുനൂറ്റാണ്ടിന്റെ നഷ്ടങ്ങളാണ് പതിറ്റാണ്ടുകളുടെ ബ്രിട്ടീഷ് ആധിപത്യം കൊണ്ട് തന്നെ സംഭവിച്ചത്. ഈ ചരിത്രപരമായ വെല്ലുവിളിയിൽ നിന്ന് മുസ്‌ലിംകൾ കരകയറുകയില്ല എന്ന് തന്നെയായിരുന്നു ചിന്തിക്കുന്നവരുടെ ആശങ്ക. സമുദായത്തിന്റെ ഭാവി എന്ത് എന്നായിരുന്നു ഉറ്റാലോചിക്കുന്നവരിൽ ഉയർന്ന ചോദ്യം. ഈ ദുരന്ത പൂർണ്ണമായ സാഹചര്യത്തിലാണ് ഇംഗ്ലീഷ് ഭരണകൂടത്തിലെ ജുഡീഷ്യറി ഉദ്യോഗസ്ഥനായ സർ സയ്യിദ് അഹമ്മദ് ഖാൻ രംഗത്തിറങ്ങുന്നത്. സമുദായത്തിന്റെ ദയനീയാവസ്ഥ കണ്ട് മറ്റെല്ലാം മറന്ന് അദ്ദേഹം തന്റെ ജീവിതം സമുദായത്തിന് നൽകി.

അദ്ദേഹത്തിന്റെ അന്വേഷണത്തിന്റെയും ആലോചനയുടെയും തുടർ പദ്ധതിയായി രൂപപ്പെട്ടുവന്ന നവോത്ഥാന പദ്ധതിയാണ് ഇന്ത്യയിലെ മുസ്‌ലിം രാഷ്ട്രീയത്തിന്റെ ക്രിയാത്മക ധാരയായി വികസിച്ചത്.

ആധുനിക വിദ്യാഭ്യാസം, ആധുനിക രാഷ്ട്രീയം എന്നീ മേഖലകളിലെ സജീവ ശ്രദ്ധ കൊണ്ടേ ഇന്ത്യയിലെ സമുദായത്തിന്റെ ഭാവി ശോഭനമാകൂ എന്ന് അദ്ദേഹത്തിന്റെ വിശ്വാസം ആയിരുന്നു നവോത്ഥാന വിപ്ലവത്തിന്റെ ആണിക്കല്ല്. ഷാ വലിയുള്ളാഹി ദഹ്‌വലിയെപ്പോലെയുള്ള ഇന്ത്യയിലെ പകരം വെക്കാനില്ലാത്ത പണ്ഡിതന്മാരിൽ നിന്ന് കിട്ടിയ വെളിച്ചവും തന്റെ സഞ്ചാരപഥങ്ങളുടെ അതിരുകൾ നിശ്ചയിക്കാൻ ആവശ്യമായ ദാർശനിക അറിവുകളും കൈമുതലാക്കിയാണ് സ്വകാലഘട്ടത്തിലെ ബൗദ്ധിക വളർച്ചക്കും വികാസത്തിനുമായി അദ്ദേഹം മുന്നിട്ടിറങ്ങിയത്. ലോകം ജയിച്ചടക്കുന്ന തലമുറകളെ വാർത്തെടുക്കുന്ന സ്ഥാപനം എന്നാണദ്ദേഹം കേംബ്രിഡ്ജിനേയും ഓക്സ്ഫോർഡിനേയും വിശേഷിപ്പിച്ചത്. ഈ സർവ്വകലാശാലകളോട് കിടപിടിക്കുന്ന ഒരു സ്ഥാപനം എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. മുസ്‌ലിം സമുദായത്തിന്റെയും ഇന്ത്യയുടെയും ഭാവി യാഥാർത്ഥ്യമാക്കാനുള്ള ഒരുപകരണം എന്ന നിലയിലാണ് അദ്ദേഹം ആധുനിക വിദ്യാഭ്യാസത്തെ കണ്ടത്. അലിഗഡ് പാഠ്യപദ്ധതിയിൽ അദ്ദേഹം നൽകിയ പ്രാധാന്യം ഇതിന് ഉദാഹരണമാണ്.

ആധുനിക ലോകവുമായുള്ള സർവ ഇടപാടുകൾക്കും ആധുനിക വിദ്യാഭ്യാസമാണ് അനുഭവപാഠമെന്ന് ഇന്ത്യൻ മുസ്‌ലിംകളുടെ ശോചനീയാവസ്ഥയിൽ നിന്ന് രക്ഷപ്പെടാനുള്ള ചിന്തയായി അദ്ദേഹം അവതരിപ്പിച്ചു.

ശാസ്ത്ര സാങ്കേതിക വിദ്യയിലും സാമൂഹ്യ ശാസ്ത്രത്തിലുമുള്ള അറിവുകൾക്ക് ഒപ്പം സ്വന്തം വേരുകളെക്കുറിച്ചുള്ള അറിവും അനിവാര്യമാണെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. മുസ്‌ലിംകൾ രാഷ്ട്രീയമായി ഒരു ശക്തിയായി മാറേണ്ടത് പോലും വിദ്യാഭ്യാസത്തിന്റെ ഫലമായിട്ടായിരിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ







വചനം
ഇ മാഗസിൻ

കാഴ്ചപ്പാടും വീക്ഷണവും. 1887ൽ ലക്നോവിൽ നടന്ന മുഹമ്മദൻ എഡ്യുക്കേഷൻ കോൺഫറൻസിന്റെ വാർഷിക സമ്മേളനത്തിൽ അദ്ദേഹം നടത്തിയ പ്രസംഗത്തിലെ പ്രധാനപ്പെട്ട ഒരു ഭാഗം ഇങ്ങനെയാണ്. "ഞാനിനി അശക്തനാണ്, പക്ഷേ ഇതുകൂടി പറഞ്ഞില്ലെങ്കിൽ അതായത് സമുദായത്തിനും രാജ്യത്തിനും ഗുണകരമായതും ഭാവിയിൽ അഭിവൃദ്ധി ഉണ്ടാക്കുന്നതുമായ മാർഗ്ഗമെന്തെന്ന് പറഞ്ഞില്ലെങ്കിൽ ഞാനത് പറഞ്ഞില്ലെന്ന് എന്റെ സ്നേഹിതന്മാർ പരാതിപ്പെടും. എന്റെ പ്രായം എഴുപതിന് മുകളിലായി. ഞാനാഗ്രഹിക്കുന്ന നേട്ടം ഈ സമുദായം നേടുന്നത് കാണാൻ ഞാനുണ്ടാവില്ല. എന്നാൽ ഈ സദസ്സിലെ സുഹൃത്തുക്കളിൽ പലരും അത് കാണാൻ ഉണ്ടാകും. ഞാൻ തറപ്പിച്ചു പറയട്ടെ. നിങ്ങളുടെ പദവികൾ ഔന്നത്യത്തിലെത്തിക്കുന്ന ഒരേയൊരു കാര്യമേയുള്ളൂ; വിദ്യാഭ്യാസ പുരോഗതി. ഉന്നത വിദ്യാഭ്യാസം നേടിയവർ നമ്മുടെ സമുദായത്തിലുണ്ടാകുന്നത് വരെ നാം അധസ്ഥിതരായി തുടരും. എന്നെ ഒരു ഭ്രാന്തനെന്നോ മറ്റെന്തെങ്കിലുമോ ആളുകൾ വിളിക്കട്ടെ. ഇത് പറയേണ്ടത് എന്റെ കർത്തവ്യമായി ഞാൻ കാണുന്നു. എന്റെ സമുദായത്തിന്റെ ക്ഷേമത്തിനുവേണ്ടി".

സാമൂഹിക വളർച്ചയിൽ വിദ്യാഭ്യാസത്തിനുള്ള പങ്കിനെക്കുറിച്ച് അത്യന്തം പരിഷ്കൃതവും നിത്യനൂതനവുമായ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ആധുനിക കാലഘട്ടത്തിൽ പോലും എത്ര പ്രസക്തമാണെന്നോർക്കുക. ഇന്ത്യൻ സാഹചര്യത്തിൽ ന്യൂനപക്ഷങ്ങളുടെ അതിജീവനത്തിനും വളർച്ചക്കും പര്യാപ്തമായ സർ സയ്യിദിന്റെ ദർശനങ്ങൾ പുതുമ ചോരാതെ ഇന്നും അവതരിപ്പിക്കാനാവും എന്നത് തന്നെ അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയുടെ പ്രകടമായ തെളിവാണ്. അദ്ദേഹത്തിന്റെ ചിന്തകളിൽ നിന്ന് ഊർജ്ജം സ്വീകരിക്കുകയും പിന്നീട് ചടുലവും കണിശവുമായ മുന്നേറ്റങ്ങളിലൂടെ സ്വത്വ പ്രതിസന്ധിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് പ്രായോഗിക ഉത്തരങ്ങൾ കണ്ടെത്താൻ ശ്രമിക്കുക എന്നതായിരുന്നു പിന്മുറക്കാരുടെ ദൗത്യവും നിയോഗവും.


വർത്തമാന കാലഘട്ടത്തിലെ അതിസങ്കീർണ്ണമായ പരിപ്രേക്ഷ്യത്തിൽ ചുമതലാബോധം ഉള്ളവർക്ക് സർ സയ്യിദിന്റെ പോരാട്ടത്തിൽ നിന്ന് ആവേശം കൊള്ളാതിരിക്കാനാവില്ല എന്നത് തീർച്ച. സ്വയം അഭിവൃദ്ധി നേടുന്നതിലൂടെ പ്രതിരോധം സൃഷ്ടിക്കാനാവുമെന്നും ശാക്തീകരണം വരുത്താനാവുമെന്നുമുള്ള പാഠങ്ങൾ നാം പ്രയോഗവത്ക്കരിക്കേണ്ടതുണ്ട്. സർ സയ്യിദ് സൃഷ്ടിച്ച ചരിത്ര യാഥാർത്ഥ്യവും ആധുനിക സാഹചര്യങ്ങളുടെ നൂതന പ്രവണതകളും സമന്വയിപ്പിച്ച് ഭാസുരമായ ഭാവിയുടെ സൃഷ്ടിപ്പിനായി പ്രവർത്തിക്കാൻ ഒരുക്കമുള്ള സർ സയ്യിദുമാർ ഇവിടെ ഉണ്ടോ എന്ന കാലഘട്ടത്തിന്റെ ചോദ്യം നമുക്ക് കേൾക്കാനാവുമോ?

(അവലംബം: ന്യൂനപക്ഷ രാഷ്ട്രീയം; ദർശനവും ദൗത്യവും എം.ഐ. തങ്ങൾ,പ്രസാധനം: ഗ്രെയ്സ് എഡ്യുക്കേഷൻ അസോസിയേഷൻ.)

പുസ്തക പരിചയം

ഇബ്രാഹീം ബേവിഞ്ചയുടെ അക്ഷരപഥങ്ങൾ

സി.ടി. ബഷീർ



അദ്ധ്യാപകൻ, കോളമിസ്റ്റ്, ഗ്രന്ഥകാരൻ തുടങ്ങിയ നിലകളിൽ ശ്രദ്ധേയമായ ഇബ്രാഹീം ബേവിഞ്ചയുടെ സർഗ്ഗസിദ്ധിക്ക് ഒരു ആദരമായി ഗ്രെയ്സ് എജ്യുക്കേഷൻ അസോസിയേഷൻ പ്രസിദ്ധീകരിക്കുന്ന പുസ്തകമാണ് "ഇബ്രാഹീം ബേവിഞ്ചയുടെ അക്ഷരപഥങ്ങൾ" എന്ന കൃതി. സി.ടി. ബഷീറാണ് ഗ്രന്ഥകർത്താവ്.

ഉത്തര കേരളത്തിൽ നിന്ന് മലയാള വിമർശന ഭൂമികയിലേക്ക് പ്രവേശിച്ച ഇബ്രാഹീം ബേവിഞ്ച സാംസ്കാരിക സമന്വയത്തിന്റെയും സനാതന മൂല്യത്തിന്റെയും ശക്തനായ വക്താവായി നിലയുറപ്പിച്ചതിന്റെ ഉദാഹരണങ്ങൾ ഈ പുസ്തകത്തിൽ കൃത്യമായി വിശദീകരിക്കുന്നുണ്ട്. നീണ്ട പതിനാലുവർഷം മുടങ്ങാതെ ചന്ദ്രിക വാരാന്തപ്പതിപ്പിൽ തുടർന്ന "പ്രസക്തി" എന്ന കോളം തന്നെ മതിയാകും ബേവിഞ്ചയെക്കുറിച്ച് കൃത്യമായറിയാൻ.

രാഷ്ട്ര മീമാംസയും കഥകളും നോവലുകളും കവിതകളും ഒരുപോലെ ബേവിഞ്ചക്ക് വഴങ്ങുന്നു. ഇസ്ലാമിക സംസ്കാരത്തിന്റെ ഗോപുര വാതിൽക്കൽ അതിന്റെ അംഗരക്ഷകരിൽ ഒരാളായി, തൂലികപ്പടവാളുമായി നിൽക്കുന്ന ഒരെഴുത്തുകാരനായി ഇബ്രാഹീം ബേവിഞ്ചയെക്കുറിച്ച് അനുസ്മരിക്കപ്പെട്ടത് ഇവിടെ പ്രസ്താവ്യമാണ്. മാതൃസംസ്കൃതിയുടെ വേരുകൾ അന്വേഷിക്കുന്ന ഒരു രചനാ വ്യക്തിത്വത്തിന്റെ നിതാന്ത സ്പന്ദനങ്ങളാണ് ബേവിഞ്ചയുടെ ഓരോ രചനയും.

ബേവിഞ്ചയുടെ പുസ്തകങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾക്കപ്പുറം പ്രതിഭാശാലിയായ ഒരെഴുത്തുകാരന്റെ അകം അന്വേഷിക്കുന്ന സാർത്ഥമായ ദൗത്യമാണ് ഈ പുസ്തകത്തിലൂടെ സി.ടി. ബഷീർ വിജയകരമായി നടത്തിയത്. 'ഇസ്ലാമിക സാഹിത്യം മലയാളത്തിൽ' 'മുസ്ലിം സാമൂഹിക ജീവിതം മലയാളത്തിൽ' 'ബഷീർ ദ മുസ്ലിം' എന്നീ പുസ്തകങ്ങളെക്കുറിച്ച് വിശദീകരിക്കുന്നിടത്ത് ബേവിഞ്ചയുടെ കർമ മണ്ഡലം ഏതാണെന്ന് വ്യക്തമാവുന്നുണ്ട്. ഇബ്രാഹീം ബേവിഞ്ച എന്ന അതി പ്രഗത്ഭനായ സർഗ പ്രതിഭയെ കൂടുതൽ പരിചയപ്പെടുത്താൻ ഉദ്ദേശിച്ച ഈ കൃതി മലയാളത്തിനൊരു മുതൽക്കൂട്ടാണെന്ന് നിസ്സംശയം പറയാം.

പ്രസാധനം:
ഗ്രെയ്സ് എഡ്യുക്കേഷൻ അസോസിയേഷൻ



യാത്ര

മുനീർ ഇബ്നു അലി

ഹബ്ല പറയാൻ ബാക്കിവെച്ചത്

ജോലി തേടി പല സ്ഥലങ്ങളിലെത്തുമ്പോഴും അവിടെയുള്ള ടൂറിസ്റ്റ് സ്ഥലങ്ങൾ സന്ദർശിക്കുക എന്നുള്ളത് നിങ്ങളേയും പോലെ എന്റെയും ഒരു ആഗ്രഹമാണ്. ജോലിയുടെ പിരുമുറുക്കം കുറയ്ക്കാനും പഴയ സുഹൃത് ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുവാനും യാത്രകൾ നമ്മൾ നടത്താറുണ്ട്. യാത്രക്ക് ഒരാൾ കൂട്ടുണ്ടാവുന്നത് യാത്രയുടെ സന്തോഷം വർദ്ധിപ്പിക്കാറുണ്ട്. പലപ്പോഴും യാത്ര പോവാൻ സുഹൃത്തുക്കളുടെ സാഹചര്യം അനുകൂലമായിരിക്കില്ല. ഒറ്റയ്ക്കുള്ള യാത്ര നമുക്ക് പല ഓർമ്മകൾ സമ്മാനിക്കുകയും പുതിയ സുഹൃത്തുക്കളെ കിട്ടുകയും ചെയ്യും. ജോലി തേടി വരുന്ന 90 ശതമാനം ആളുകൾക്കും സഊദി അറേബ്യയുടെ ടൂറിസ്റ്റ് സ്ഥലങ്ങളെക്കുറിച്ച് വിവരമില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. മക്കയുടെയും മദീനയുടെയും സൗന്ദര്യത്തിന് അപ്പുറത്തേക്ക് ഇസ്ലാമിക സംസ്കാരത്തിന്റെ ആവിർഭാവത്തെ കുറിച്ചുള്ള വ്യക്തമായ അടിത്തറ ഈ മണ്ണ് പൂർണ്ണമായും നമ്മോട് മന്ത്രിക്കുന്നുണ്ട്.

സൗദി അറേബ്യയിലെ പതിമൂന്ന് പ്രവിശ്യകളിലെ ഒന്നായ അസിർ പ്രൊവിൻസിന്റെ തലസ്ഥാനമാണ് അബ്ഹ എന്ന നഗരം. സൗദി അറേബ്യയുടെ തെക്ക് ഭാഗത്താണ് അസിർ പ്രോവിൻസ്. സമുദ്ര നിരപ്പിൽ നിന്നും 2200 മീറ്റർ (7200 അടി) ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ടൂറിസ്റ്റ് കേന്ദ്രവുമാണ് അബ്ഹ-കമീസ് മുഷൈത്ത് എന്ന പ്രദേശം. ഏറ്റവും തണുപ്പുള്ള പ്രദേശവും ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശവും. കമ്പിളി പുതപ്പുമായി വർഷത്തിലൊരിക്കൽ വന്നിറങ്ങുന്ന സഹോദരന്റെ വിവരങ്ങളുമായപ്പോൾ അവിടെ പോകണമെന്ന് തന്നെ മനസ്സ് തീരുമാനിച്ചു. അങ്ങിനെ അവിടെയുള്ള ഒരു കുടുംബ സുഹൃത്തിനെ ബന്ധപ്പെട്ടു അതിനുള്ള ഏർപ്പാടുകൾ ചെയ്തു. കുടുംബ സുഹൃത്തുക്കൾ ഒരുപാട് ഉണ്ടെങ്കിലും പലപ്പോഴും യാത്ര പോകാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ, സ്വന്തമായി വാഹനം, കപ്പാസിറ്റി, എല്ലാം ഒത്തൊരുമിച്ചുള്ള ഒരു സുഹൃത്തായിരിക്കണം ആ സ്ഥപരിചിതമായ സുഹൃത്ത് എന്നത് മറ്റു പല യാത്രകൾ ചെയ്തപ്പോഴും മനസ്സിലായ ഒരു യാഥാർത്ഥ്യമാണ്. സഊദിയുടെ തലസ്ഥാനമായ റിയാദിൽ നിന്നും ഏകദേശം 12-15 മണിക്കൂർ യാത്ര ചെയ്യണം കമീസ് താഴ്വരയിലെത്താൻ. കണക്കു കൂട്ടലുകളിൽ സമയത്തിന്റെ ആവശ്യകത അവിടെ തെളിഞ്ഞു. പെരുന്നാൾ തലേന്ന് സൗകര്യപ്രദമായ ഒരു യാത്രക്ക് പച്ചക്കൊടി കണ്ടു.

കഴിഞ്ഞ ചെറിയ പെരുന്നാൾ തലേന്ന് പുലർച്ച, പ്രഭാത സൂര്യന്റെ കിരണങ്ങൾ അങ്ങിങ്ങായി പ്രസരിക്കുന്നു. നല്ല തെളിഞ്ഞ ആകാശം. രാവിലെ എണീറ്റ് നടക്കുന്നവന്റെ ഉദ്ദേശം ഞാനപ്പോൾ തൊട്ടറിഞ്ഞു. ആളൊഴിഞ്ഞ ബസ് സീറ്റുകൾ എന്നെ അലോസരപ്പെടുത്തിയെങ്കിലും നടുവിലത്തെ വാതിലിനു തൊട്ടുപിറകെയുള്ള സീറ്റിലിരുന്നു, എല്ലാഴ്പ്പോയും നടുവിലെ സീറ്റ് ഒരു സേഫ്റ്റി തന്നെ. കാലുകൾക്കും മറ്റു സീറ്റുകൾക്കിടയിലുമുള്ള അകലം സാപ്റ്റികോ-ബസുകളിൽ കുറവായതുകൊണ്ട് കാലുകൾ നീട്ടിവെക്കാനൊരിടം എന്ന നിലയിലും. ബസ് യാത്ര

അരോചകമാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ടെങ്കിലും, ഒരു പട്ടണത്തെ തൊട്ടറിയാൻ അതിന്റെ വഴികളെ അടുത്തറിയാൻ ഒരു സംസ്കാരത്തെ പഠിക്കാൻ പലപ്പോഴും ബസ് യാത്ര അനുയോജ്യമാണെന്ന് തോന്നിയിരുന്നു. അൽപസമയം കഴിഞ്ഞ് തൊട്ടരികെ സീറ്റിലിരിക്കുന്ന ആളുകളുമായി പരിചയപ്പെടാൻ ശ്രമിച്ചു. മിസ്റിയുടെ ഡ്രൈവിംഗിൽ ഒരു കോഴിക്കോട്-മഞ്ചേരി ബസ്സിന്റെ തിടുക്കമുണ്ടായിരുന്നു. പ്രഭാതത്തിന്റെ പ്രഭയിൽ കുളിച്ചു നിൽക്കുന്ന റിയാദിന്റെ മരുഭൂമിയുടെ പച്ചപ്പിലൂടെ ഒരു യാത്ര. വിശാലമായ റോഡ്, ശാന്തമായ അന്തരീക്ഷം, എല്ലാം അനുകൂലമാണെന്ന് തോന്നിപ്പിച്ചു. നാളെയുടെ പെരുന്നാളിനെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന പട്ടണങ്ങളെ ഓരോ വഴിത്താരകളിലും ഞാൻ കണ്ടു.

പൂർണ്ണമായി അലങ്കരിച്ചു നിൽക്കുന്ന സൗധങ്ങൾ, മഞ്ഞു വീണ ബസ് ജാലക ഗ്ലാസിലൂടെ നോക്കുമ്പോൾ ഗ്ലാസ് കഷ്ണങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്നതു പോലെ ലൈറ്റുകളുടെ വിസ്മയം എന്നെ കുളിരണിയിച്ചു. പിന്നിട്ട വഴികൾ മണിക്കൂർ 5 കഴിഞ്ഞു. ലക്ഷ്യസ്ഥാനത്തേക്കു ഇനിയും അത്ര മണിക്കൂറുകൾ, യാത്രയുടെ ക്ഷീണം ഒരു നോമ്പുകാരന്റെ മനസ്സിൽ കാണാനുള്ള മനസ്സിന്റെ വിങ്ങൽ എല്ലാംകൂടി ഒരുമിച്ചു. വിശപ്പിന്റെ വിളിയാളം യാത്രയുടെ ക്ഷീണത്തെ കൂട്ടുന്നത് കൊണ്ടാവാം പ്രവാചകൻ ഒരു ഇളവ് യാത്രക്കാർക്ക് നൽകിയതെന്ന് ആ നിമിഷം ഞാനോർത്തു. ഈ ഇളവ് മാക്സിമം മുതലെടുക്കുന്നവരായിരുന്നു എന്റെ കൂടെ യാത്രയിലുള്ള നൈജീരിയക്കാരനും പാക്കിസ്ഥാനിയും സൗദിയും ഫലസ്തീനിയും.

വാച്ചിലേക്ക് നോക്കി ബാങ്കുവിളിക്കാൻ സമയം ഒരുപാട് അകലെ. പാന്റ്സ് ഒന്നുകൂടി ആഞ്ഞു മുറുക്കി സീറ്റിന് മുകളിൽ കാൽ വെച്ചിരുന്നു.

അള്ളാഹു അക്ബർ, അള്ളാഹു അക്ബർ... എങ്ങുനിന്നോ ഒരു ബാങ്കുവിളി.

ഡ്രൈവർ ബക്കാല തെരഞ്ഞു നടക്കുകയാണ്. ബാങ്കുവിളിച്ചതുകൊണ്ട് ആരും ഈ സമയം തുറക്കില്ല. പള്ളിയാണെങ്കിൽ ഈ പരിസരത്തൊന്നും കാണുന്നുമില്ല. ഒരു കടക്കാരൻ ഷട്ടർ താഴ്ത്തി പോകുവാനിരിക്കുമ്പോഴാണ് ഡ്രൈവർ അദ്ദേഹത്തെ കണ്ടത്. എല്ലാവർക്കും 5 മിനുട്ട് സമയം നൽകി. കുറച്ചു ജ്യൂസും ബിസ്കറ്റും കൈക്കലാക്കി ഞാൻ നടന്നു, "ചില്ലറയുണ്ടോ കയ്യിൽ" അപ്രതീക്ഷിത മലയാളി സംസാരം, തിരിഞ്ഞു നോക്കിയപ്പോൾ അത് ആ കടക്കാരനായിരുന്നു. കുശലം പറയാൻ സമയമില്ലാത്തതുകൊണ്ട് പെട്ടെന്ന് ഇല്ലാന്ന് പറഞ്ഞു ബസ്സിലേക്കു പോയി. ആ ആൾക്കൂട്ടത്തിനിടയിൽ മലയാളിയെ തിരിച്ചറിഞ്ഞ മറ്റൊരു മലയാളി എന്നെ ആശ്ചര്യപ്പെടുത്തി. മലയാളിക്ക് മണത്തറിയാനുള്ള കഴിവുണ്ടെന്ന് പിന്നീടാണെനിക്ക് മനസ്സിലായത്.

ബസ് ജാലകത്തിനിടയിലൂടെ കുളിരണിയിക്കുന്ന കാറ്റിന്റെ മന്ദഹാസം, പുറത്തേക്ക് നോക്കുമ്പോൾ ബസ് ടെർമിനൽ, അതെ ബസ് ലക്ഷ്യസ്ഥാനത്തെത്തിയിരിക്കുന്നു. അൽഹംദുലില്ലാഹ്. എന്റെ പ്രിയ ചങ്ങാതിയെ കാത്ത് കുറച്ചുനേരം ഇരുന്നതിന് ശേഷം രണ്ട് പേരും റൂമിലേക്ക്. പെരുന്നാൾ പിറ്റേന്ന് കാണുന്നത്പോലുള്ള ആരവങ്ങൾ കമീസ് അങ്ങാടിയിലും ഞാൻ കണ്ടു.

പെരുന്നാൾ ദിവസം സൗദി അറേബ്യയിൽ നേരത്തെ നിസ്കരിക്കും. ഏകദേശം സൂര്യൻ ഉദിക്കുന്ന സമയം. നിസ്കാരമൊക്കെ കഴിഞ്ഞു റൂമിലെത്തി ബിരിയാണിയും കഴിച്ച് സുഹൃത്തുമൊന്നിച്ച് നാട് ചുറ്റാനിറങ്ങി. തെളിഞ്ഞ കാലാവസ്ഥ, കമീസിൽ ഇടക്കിടക്ക് മഴ പെയ്യാറുണ്ട്. അതുകൊണ്ട് തന്നെ നാടിന്റെ എല്ലാ സ്പന്ദനവും ഇവിടെ കാണാൻ കഴിഞ്ഞു. മലയും, കുന്നും എല്ലാം പൊട്ടിപ്പൊളിഞ്ഞ റോഡും, ചപ്പുചവറുകളൊഴിച്ച് എല്ലാം ഞാൻ ഇവിടെ കണ്ടു. അത് നമ്മുടെ നാടിന്റെ മാത്രം ശാപമാണല്ലോ.

വാഹനം 230 സ്പീഡിൽ പോകുന്നു. സുഹൃത്ത് പറഞ്ഞതനുസരിച്ച് ഏകദേശം 150 കി.മീ. വേണം അബല എന്ന സ്ഥലത്തെത്താൻ, കൂടെ അവന്റെ 4 സുഹൃത്തുക്കൾ വേറെയുമുണ്ടായിരുന്നു. വളഞ്ഞ റോഡിലൂടെ മലകയറാൻ ഒരുങ്ങിയപ്പോൾ ശരിക്കും വയനാട് ചുരത്തെ ഓർമ്മപ്പെടുത്തി.

ചെറിയ ടെൻഡുകൾ അങ്ങിങ്ങായി കാണാമായിരുന്നു. കുടിൽ കെട്ടി ചേരി പ്രദേശത്ത് താമസിക്കുന്നവരല്ല അത്. അവധിക്കാലം ചെലവഴിക്കാൻ പണംകൊണ്ട് കളിക്കുന്ന അറബി ഫാമിലികളായിരുന്നു ആ ടെൻഡുകളിൽ. ചെറിയ ഒരു തുക ടിക്കറ്റെടുത്ത് വേണം ഹബ്ലയിലേക്ക് പ്രവേശിക്കാൻ. വിശാലമായി പരന്നു



കിടക്കുന്ന പച്ചപ്പുള്ള ഒരു പ്രദേശം. ഒരു സായാഹ്നത്തിലായിരുന്നു ഞങ്ങൾ അവിടെ എത്തിയത്. അറബിക്കടലിൽ നിന്നടിക്കുന്ന കാറ്റ് പോലുള്ള കാറ്റ്, അത്ഭുതപ്പെടുത്തുന്ന ഒന്നും ആദ്യം എനിക്കവിടെ കാണാൻ കഴിഞ്ഞില്ല. കുറച്ചുദൂരം സഞ്ചരിച്ചപ്പോൾ കൂടുതൽ ആളുകൾ ഒരു സ്ഥലത്തേക്ക് എത്തിനോക്കുന്നു. ഞാനും സുഹൃത്തുക്കളും അവിടെ എത്തി.

മാഷാ അള്ളാഹ്, ഇതാണ് ഹബ്ല. അബ്ഹയിലെ ഒരു താഴ്വരയാണ് ഹബ്ല. ചെങ്കുത്തായ പാർശ്വങ്ങളാണ് ഈ താഴ്വരക്കുള്ളത്. തന്മൂലം പണ്ടുകാലത്ത് മുകളിൽ നിന്ന് തൂക്കിയിട്ട കയർ വഴിയാണ് ആളുകൾ ഇങ്ങോട്ട് വന്നിരുന്നത്. അതുകൊണ്ട് കയർ (ഹബ്ൽ) എന്നതിൽ നിന്നുമാണ് ഹബ്ല എന്ന പേർ ലഭിച്ചത്. സൗദി രാജവംശത്തിന്റെ അസ്ഥിത്വം അംഗീകരിക്കാതിരുന്ന ഒരു ഗോത്രമാണ് ഇവിടെ താമസിച്ചിരുന്നത് എന്നാണ് പറയപ്പെടുന്നത്. ചില വീടുകളും അവയിൽ ചില മനുഷ്യാവശിഷ്ടങ്ങളും ഇന്നും അവിടെ കാണപ്പെടുന്നു. ഇവിടെ ചില കൊള്ളക്കാർ ജീവിച്ചിരിക്കുകയും അവർ അറബികളുടെ വില പിടിപ്പുള്ള സാധനങ്ങൾ മോഷ്ടിച്ച് ഈ വലിയ ഗർത്തത്തിലേക്ക് ഇടുകയും തുടർന്ന് പെട്ടെന്ന് അപ്രത്യക്ഷമാകാറുമുണ്ടായിരുന്നെന്ന് ഒരു ഐതിഹ്യം നിലനിൽക്കുന്നുണ്ട്. എല്ലാവരും ഇറങ്ങാൻ ഭയപ്പെടുന്ന ഒരു ഗർത്തം തന്നെയാണ് ഹബ്ല. ആത്മഹത്യാ മുനമ്പായി വേണമെങ്കിൽ ഇതിനെ വിശേഷിപ്പിക്കാം. ചില സ്ഥലങ്ങളിൽ ചെന്നു നിന്ന് ഞങ്ങളെല്ലാവരും ഒന്നിച്ച് ഒരു കൂവൽ കൂവി. തനി നാടൻ മലപ്പുറം സ്റ്റൈലിൽ. അങ്ങേ മലയിൽ തട്ടി ആ ശബ്ദം തിരിച്ചുവരുമ്പോഴുണ്ടാകുന്ന ഒരു പ്രകമ്പനം ആസ്വദിക്കാൻ വേണ്ടിയായിരുന്നു ഞങ്ങൾ അങ്ങിനെ ചെയ്തത്. ഇത് കണ്ടു നിന്നവർ കൂവുകയും കൂടെ ഞങ്ങളോട് ഒരു ചോദ്യം ചോദിക്കുകയും ചെയ്തു. "നിങ്ങൾ മലപ്പുറത്തുകാരാണോ", മലയാളികളുടെ ഭാഷാ വിവേചനം ഞാൻ അവിടെ കണ്ടു. ഈ സ്ഥലത്ത് എത്ര മലയാളികൾ ഉണ്ടെന്ന തിരിച്ചറിവ് ആ കൂവലോട് കൂടെ ഞങ്ങൾക്ക് വ്യക്തമാവുകയും ചെയ്തു. ഒരുപാട് കാറ്റ് ആസ്വദിക്കുകയും സഊദി ചെക്കന്മാരുടെ വികൃതികൾ കണ്ടാസ്വദിക്കുകയും ചെയ്തതിന് ശേഷം അസ്തമയ സൂര്യൻ പിൻവാങ്ങുന്നതിന് തൊട്ടു മുമ്പ് ഞങ്ങൾ ആ ചുരം ഇറങ്ങി. വീണ്ടും വരാം എന്ന ഭാവത്തോടെ.

(ഒരു യാത്രയും അവസാനിക്കുന്നില്ല. അവസാന യാത്ര പോകുന്നത് വരേയും. കാണാത്ത കാഴ്ചകൾ നമ്മുടെ കണ്ണുകളെ മാടിവിളിക്കുമ്പോൾ തട്ടിയകറ്റരുത് എന്ന പ്രത്യാശയിൽ നിങ്ങളും യാത്ര ആരംഭി

സരസ്വതി സമ്മാൻ പുരസ്കാരം സുഗതകുമാരിക്ക്

സ്നേഹ സൗരഭ്യത്തിന്റെ കവിതാ പ്രവാഹം



ഇന്ത്യൻ ഭാഷകളിലെ മികച്ച കൃതിക്ക് നൽകുന്ന പുരസ്ക്കാരമായ സരസ്വതി സമ്മാൻ ലഭിക്കുന്നതിലൂടെ കവയിത്രിയും സാമൂഹിക പ്രവർത്തകയുമായ സുഗതകുമാരി ടീച്ചർ ഒരിക്കൽ കൂടി മലയാളത്തിന്റെ അഭിമാനമായി. 'മണലെഴുത്ത്' എന്ന ടീച്ചറുടെ കവിതാ സമാഹാരത്തിനാണ് അവാർഡ്. അനുരാഗവും കണ്ണീരും ആർദ്രതയും കവിതയിൽ സമം ചേർത്ത് ജീവിതത്തിന്റെ ഗതിവിഗതികളെ അതിലംഘിച്ച സ്നേഹവിരുന്നാവുകയാണ് ടീച്ചറുടെ കവിതകൾ.

പരിസ്ഥിതി ചൂഷണമെന്ന അധീഷ ഉത്പന്നത്തിനെതിരെയും സ്ത്രീ സുരക്ഷക്ക് വേണ്ടിയുമുള്ള ടീച്ചറുടെ പോരാട്ടവും കവിതയും രണ്ടും രണ്ടല്ല. ഒരേ നിയോഗത്തിന്റെ വിരുദ്ധ തലങ്ങളാണ്. എല്ലാം അനുവാചക ഹൃദയങ്ങളിലേക്ക് തീഷ്ണത പകരാൻ കരുത്തുള്ളത് തന്നെയാണ്. ശബ്ദഘോഷങ്ങളുടെ മടുപ്പിക്കുന്ന ആരവങ്ങളില്ലാതെ ശാന്തമായ നദിയിൽ വെള്ളമൊഴുകുന്നത് പോലെ ഹൃദയങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്ന വാക്കുകൾ സൃഷ്ടിച്ചെടുത്ത കവയിത്രി മലയാളത്തിന്റെ സുകൃതമാണ്.


ഭാഷാ തീവ്രതയുടെയും വിശ്വപ്രകൃതിയോടുള്ള അനുരാഗത്തിന്റെയും നിലക്കാത്ത ശബ്ദം കൈരളിക്ക് സമ്മാനിച്ചു കൊണ്ടിരിക്കുന്ന ടീച്ചറുടെ ദൗത്യത്തിനു ലഭിച്ച ഈ പുരസ്കാരത്തിലൂടെ സുഗതകുമാരിയല്ല മലയാള ഭാഷയും സംസ്കാരവും ആണ് ആദരിക്കപ്പെട്ടത്.





ഹക്കീം കമ്പർ

കൊലുസുമ്മ



മഴ പനിനീർ തെളിപോലെ ഉതിർന്നുവീണുകൊണ്ടിരിക്കുന്നു... ഈ ആഴ്ചയിൽ തന്നെ വീടിന്റെ വൈദ്യുതിക്കുള്ള അപേക്ഷ സമർപ്പിക്കണം. അതിനായി പഞ്ചായത്താപ്പീസിൽ നിന്നും ഒരു കടലാസ്സു കിട്ടണം. ദൈവമേ ഇതിനിനി എത്ര ദിവസം എടുക്കുമോ ആവോ!

അവധി തീരാൻ ഇനി അധികവുമില്ല. എത്ര കണക്കുകൂട്ടി തിട്ടപ്പെടുത്തിയാലും സമയം കയ്യിൽ നിന്നും ചോർന്നു പോകും. ജ്യേഷ്ഠന്റെ കൂടെ ബൈക്കിൽ മഴയെ വക വയ്ക്കാതെ പുറപ്പെട്ടു. രണ്ടാം നിലയിലാണ് ആപ്പീസ്. കർചീഫു കൊണ്ട് മുഖവും തലയും തുടച്ചു. മുടിയിലൂടെ വിരലുകൾ പായിച്ചു ഒതുക്കി നിർത്തി.

ആപ്പീസർ എത്തിയിട്ടില്ല. എന്നെപ്പോലെ കുറേ ആളുകൾ അവിടെ കാത്തു നിൽക്കുന്നുണ്ട്. അക്ഷമരായി... അകത്തേക്ക് ഒന്ന് കണ്ണോടിച്ചു. ഇന്നലെ കണ്ട ഏതോ സിനിമയുടെയോ സീരിയലിന്റെയോ തമാശ പറഞ്ഞുള്ള ചിരി ചുമരുകളിൽ തട്ടി പുറത്തേക്കു വരുന്നതവർ അറിയുന്നില്ല. ചിലർ തല ഫയലിൽ പൂഴ്ത്തിയിട്ടാണെങ്കിലും ചിരിയിൽ പങ്കുചേരുന്നുണ്ട്.

ഉയരം കുറഞ്ഞൊരു സ്ത്രീ എന്റെ പേര് ചൊല്ലി വിളിച്ചു അടുത്തേക്ക് വന്നു. അമ്പതിനോടടുത്ത പ്രായം. മക്കനയിൽ ഉള്ള മുഖത്ത് വിടർന്ന പുഞ്ചിരി. എനിക്കവരുടെ പേര് മറന്നതാണെങ്കിലും മുഖം സ്മരണ മണ്ഡലത്തിൽ എവിടെയോ തെളിയുന്നു.

“ഇണ്ണിയെ അനക്ക് ഇന്നെ മനസ്സിലായില്ലേ? ഞാൻ ഏഴു ബിയിലെ ഉമ്മുകുൽസു. ഇന്റെ പൊട്ടിച്ചിരി കാരണം ഇജ്ജ് ഇന്നെ കൊലുസ്സുമ്മു എന്നാ വിളിച്ചിരുന്നത്. ഇപ്പൊ ഓർമ്മ വന്നോ?, ഡാ ഇജ്ജെന്തിനാ വന്നത്?, വല്ല കടലാസും ശരിയാക്കാനാ?” ഞാൻ പഞ്ചായത്ത് മെമ്പർ ആണ്. വാ ഞമ്മക്ക് ആ മീറ്റിംഗ് റൂമിൽ ഇരിക്കാം. എന്റെ ഉള്ളിൽ ഒരു വെള്ളിടി പൊട്ടി. ഏഴാം ക്ലാസ് പാസ്സാവാത്ത ഇവളാണോ പഞ്ചായത്ത് മെമ്പർ!

കുലുസുവിന്റെ ബാപ്പ സർക്കാറിന്റെ ഏക്കർ കണക്കിന് കാട് വെട്ടി തെളിച്ചു സ്വന്തം പറമ്പ് ആക്കി മാറ്റിയിട്ടുണ്ട്. പൊതിച്ചോറിന്റെ കൂടെ മറ്റൊരു പൊതി കൂടി ഉണ്ടാവും അവളുടെ സഞ്ചിയിൽ. ക്ലാസ്സിലെ സമ്മാനമായി തരാനുള്ള നെല്ലിക്കപുളി, നാരങ്ങ, ഈനാം പഴം, കണ്ണിമാങ്ങ ഒക്കെ ആയിരിക്കുമതില്. ഇന്റർവെല്ലിനു അവൾ അത് എല്ലാർക്കും ഓഹരി വച്ചു തരും. ഇത്തരം ഹൃദയവിശാലത കൊണ്ട് ഞങ്ങൾ എല്ലാവരെയും അവൾ കയ്യിലെടുത്തു.

വെള്ളിയാഴ്ച ഉച്ചക്കു പാടത്തിന്റെ അങ്ങേ തലക്കുള്ള ചളി നിറഞ്ഞ താമര കുളത്തിൽ നിന്നും ഞാനവൾക്ക് പൂ പറിച്ചു കൊടുത്തിട്ടുണ്ട്. മഷിത്തണ്ടിൽ മഷി കയറ്റി കൂട്ടുകാർക്ക് സമ്മാനിക്കുന്നതും അവളുടെ ആഹ്ലാദമായിരുന്നു.

രാജ വെമ്പാല എന്ന കുറുപ്പ് സാറിന്റെ കണക്കു കൂട്ടലുകൾ ഒരി



ക്കൽപോലും തെറ്റിച്ചു പൂജ്യത്തിൽ നിന്നും അവൾക്ക് മോചനം ഉണ്ടായിട്ടില്ല. സ്കൂളിലേക്ക് വരുന്ന വഴിയിലെ കുറുന്തോട്ടിക്ക് ഒറ്റക്കെ കൊണ്ട് കെട്ടിട്ടാൽ സാറിന്റെ കയ്യിൽ നിന്നും ചൂരൽ കഷായം കിട്ടില്ല എന്നുള്ള ഒരു വിശ്വാസവും അവൾക്ക് ഉണ്ടായിരുന്നു. കൊലുസുമ്മുവിന്റെ ഭാഷയിൽ പറഞ്ഞാൽ അടി "എന്നും അവൾക്ക് ഫർള്" ആണ്. സാറിന്റെ കയ്യിൽ നിന്നും അടി വാങ്ങുമ്പോൾ കണ്ണ് ചിമ്മി പേടിച്ചു കൈ വലിക്കും. അതോടെ സാറിനു അരിശം മൂക്കും. ഒന്ന് കിട്ടേണ്ടതിനു പലിശയടക്കം വാങ്ങും. അടി വാങ്ങിയാൽ ഒരു നിമിഷം തല ഡസ്കിൽ വെച്ച് കൈ കൂട്ടി തിരുമ്മും. പിന്നെ ഒളികണ്ണിട്ട് ഒരു ചിരിയുണ്ട്.

ഇതൊക്കെ എത്ര നിസ്സാരം എന്ന രീതിയിൽ!. "എന്താ കുൽസോ കുറുന്തോട്ടി ചതിച്ചോ?" ഞാൻ കളിയാക്കി ചോദിക്കും.

"ഡാ പൊട്ടാ അത് വല്ല പയ്യും തിന്നിട്ടുണ്ടാവും. അത് ഇന്റെ കെട്ട് കണ്ടിട്ടുണ്ടാവൂല". അരക്കൊല്ല പരീക്ഷ സമയത്താണ്... പഠിക്കാനിരുന്നപ്പോൾ മണ്ണെണ്ണ വിളക്ക് തട്ടിമറിഞ്ഞു കൊലുസുവിന്റെ പോളിസ്റ്റർ കുപ്പായം നെഞ്ചിൽ വെന്തുരുകി. കുപ്പായത്തിന്റെ കൊളുത്തുകൾ പിന്നിയാലതിനാൽ പാവത്തിന് അഴിക്കാനും സാധിച്ചില്ല. അവളുടെ ശരീരം വെന്തു കരിക്കട്ട പോലെ ആയി!

കുറേ ദിവസം അവൾ ക്ലാസ്സിൽ വന്നതേ ഇല്ല. അവളുടെ ഇരിപ്പിടം ആർക്കും നികത്താനും സാധിച്ചില്ല. ഞങ്ങൾ കുറച്ച് കുട്ടികൾ അവളെ കാണാൻ വീട്ടിൽ പോയി. പെങ്കുട്ട്യാളെ 'ഔറത്ത്' കാണാൻ പാടില്ലാത്തതിനാൽ വലിയൊരു തട്ടം മൂടി പുതച്ചാണ് അവൾ ഞങ്ങളോട് സംസാരിച്ചത്. അങ്ങനെ കണ്ടപ്പോൾ ഞങ്ങളെല്ലാം അറിയാതെ കരഞ്ഞു പോയി. "ഇത്രയല്ലേ പറ്റിയുള്ളൂ. മരിച്ചില്ലല്ലോ" അവൾ ഞങ്ങളെ സമാധാനിപ്പിച്ചു. കൂടെ വന്ന പെൺകുട്ടികൾ ഞങ്ങൾക്ക് പൊള്ളലിന്റെ തീവ്രത പറഞ്ഞുതന്നു. "ദീനം മാറി വരുമ്പോൾ ഞാൻ കൊറേ പുളിങ്ങ കൊണ്ടാരാട്ടോ" അവൾ ഞങ്ങളെ സമാധാനിപ്പിച്ച് യാത്രയാക്കി.

അന്ന് പുളിങ്ങ കൊണ്ടുവരാം എന്ന് പറഞ്ഞ കൊലുസുവിനെ മൂന്നര പതിറ്റാണ്ടിനുശേഷം ഇതാ ഇവിടെ വച്ച് കാണുന്നു.

"നീ പറഞ്ഞ മാങ്കോയിസ്റ്റു മരത്തിന്റെ തൈ ഇവിടുത്തെ കൃഷി ഭവനിൽ കിട്ടും. ഞാൻ വാങ്ങി കൊണ്ടു വരാം" ജ്യേഷ്ടൻ അതും പറഞ്ഞു എഴുന്നേറ്റു.

"ഇജ്ജ്ന്തേ ഇണ്ണി വൈക്കം മുഹമ്മദ് ബഷീറിനു പഠിക്കുന്നുണ്ടോ?" അവളുടെ ആ ചോദ്യം എന്നെ ഒന്ന് അമ്പരപ്പിച്ചു. "നിനക്കെങ്ങനെ ബഷീറിനെ അറിയും?"

"ഇങ്ങക്കൊക്കെ അറീന മാതിരി തന്നെ. ഞാൻ സുൽത്താന്റെ എല്ലാ പുസ്തകങ്ങളും വായിച്ചിട്ടുണ്ട്. ഉമ്മാന്റെ ഭാഷയിൽ, മാതൃഭാഷയിൽ, എഴുതിയ ആരാ മലയാളത്തിൽ ഉള്ളത്? ബഷീറിനെ മാറ്റി നിർത്തി ഒരു മലയാള സാഹിത്യം ഉണ്ടാവോ?"

എന്റെ ജിജ്ഞാസ വർധിക്കുന്നു. നാലക്ഷരം കൂട്ടിവായിക്കാൻ പറ്റാത്ത ഇവൾ!!

"ടാ ഇന്റെ കല്യാണം കഴിഞ്ഞത് പന്ത്രണ്ടാം വയസ്സിലാണ്. അതും ദൂരെ ഒരു ഗ്രാമത്തിലേക്ക്. വികസനം എന്തെന്ന് പോലും കേൾക്കാത്ത ഒരു നാട്. കൃഷിയും കന്നുകാലികളും ഉള്ള ഒരു തറവാട്. അവിടുത്തെ ചെറിയ മരുമകളായി ഞാൻ ചെന്ന് കയറി." കൊല്സു ഇന്നലെയിലേക്ക് മുങ്ങി താഴുകയാണ്. ഞാൻ നല്ല ഒരു ആസ്വാദകനും ആയി.

ദാമ്പത്യം എന്താണെന്ന് അറിയാത്ത ആ കാലം. കൂട്ടുകാരികൾ പുതുക്കം കൊണ്ടാക്കി മടങ്ങുമ്പോൾ കരയാൻ തുടങ്ങി. എട്ടും പൊട്ടും അറിയാത്ത ആ കാലം...

പുത്യാപ്ലനെ കാണുന്നത് രാവിലെയും ഉച്ചക്കും വൈകുന്നേരവും. ഒരുമാതിരി ഇംഗ്ലീഷ് മരുന്നിന്റെ കുറിപ്പടി പോലെ. അല്ലാത്ത സമയത്ത് ഒക്കെ ഇക്ക പാടത്തും പറമ്പിലും ആയിരിക്കും.

എല്ലാ പണികളും തീർത്ത് മുറിയിൽ എത്തുമ്പോൾ ഇക്കാക്ക ചിമ്മിനി വിളക്കിന്റെ മുമ്പിൽ പരീക്ഷക്ക് പഠിക്കുന്ന മാതിരി വായിച്ചു ഇരിക്കുന്നുണ്ടാവും.

എനിക്കാണെങ്കിൽ പുസ്തകങ്ങൾ ഉറക്ക് ഗുളികയെ പോലെയും!!

വായിച്ച കാര്യങ്ങൾ ഓരോന്നും പറഞ്ഞുതരും. മെല്ലെ മെല്ലെ അവയൊക്കെ കേട്ട് ഞാനും സ്വപ്നങ്ങൾ കാണാൻ തുടങ്ങി.

ആദ്യമൊക്കെ ചെറിയ പുസ്തകങ്ങൾ ആണ് എനിക്ക് തന്നത്. പിന്നീടവയുടെ കനവും ആഴവും കൂടി വന്നു. വായിച്ച പുസ്തകങ്ങളുടെ ചർച്ച കിടപ്പ് മുറിക്കു പുറ



ത്തേക്കും നീണ്ടു. ഇതിനിടയിൽ ഞാൻ നാല് മക്കളുടെ ഉമ്മയുമായി. ഞങ്ങൾക്ക് കിട്ടാതെ പോയത് മക്കളിലൂടെ നേടണം എന്ന ഒരു വാശി ഉണ്ടായിരുന്നു.

എന്റെ നാല് മക്കളും ഉയർന്ന വിദ്യാഭ്യാസം ഉള്ളവരാണ്. ഇക്കാ ഒരു ചായ മക്കാനി നടത്തുന്നു. പ്രഷറും ഷുഗറും അത്യാവശ്യത്തിനുണ്ട്...

വീട്ടിൽ വെറുതെ ഇരുന്നപ്പോൾ നാടിനും നാട്ടാർക്കും എന്തെങ്കിലും ചെയ്യണം എന്നുള്ളതാണ് ഇക്കാക്കാന്റെ ഉപദേശം. ഞാൻ എത്രയോ ഭാഗ്യം ചെയ്തവളാണ്. അത്രയ്ക്ക് നല്ല ഒരാളെയാ പടച്ചവൻ എനിക്ക് തന്നത്. ബുദ്ധികൊണ്ട് അല്ല ഹൃദയം കൊണ്ടാണ് സ്നേഹിക്കേത് എന്ന് മൂപ്പരാ പഠിപ്പിച്ചത്.

ഞങ്ങളെ നാട്ടിൽ ഒരു പൊതുവായനശാല വന്നു. റോഡുവന്നു. കരണ്ട് കിട്ടി. അങ്ങനെ വികസനം ആയി. ഞാൻ നല്ല നിയ്യത്തോടെ മുന്നിൽ നിന്നു. ബാക്കിയൊക്കെ പടച്ചവൻ തന്നു.

ഞാൻ പത്താം ക്ലാസ് തുല്യതാ പരീക്ഷ പാസ്സായി. നല്ല ഒരു സമയം വായനക്ക് നീക്കിവെയ്ക്കുന്നു ഞങ്ങൾ. ഇപ്പോൾ വായിക്കുന്നത് വീരേന്ദ്രകുമാറിന്റെ ഹൈമവത ഭൂമിയിലൂടെയാണ്.

നമ്മുടെ ആൾക്കാർക്ക് ഉറൂബിന്റെ "ഉമ്മാച്ചു", "സുന്ദരന്മാരും സുന്ദരികളും" ഇതൊന്നും അറിയില്ല. വായനയുടെ കമ്മിയാണ്. സ്വപ്നം പോലും കാണാൻ അറിയാത്ത ആളുകളാണ് അധികവും.

ഞാൻ ആലീസിന്റെ അത്ഭുത ലോകത്തിൽ എത്തിയ പോലെ ആയി.

'ആപ്പീസർ ഇന്ന് ലീവാണ്'. അറിയിപ്പ് വന്നു.

ഞാൻ പോകാൻ എണീറ്റു.

കൊലുസ്സു അവളുടെ ബാഗിൽ നിന്നും രണ്ടു പുസ്തകങ്ങൾ എടുത്ത് എനിക്ക് സമ്മാനമായി തന്നു.

'ഞാൻ വായിക്കുക മാത്രമല്ല, വായിപ്പിക്കുന്നു കൂടി ഉണ്ടുട്ടോ. ഇനി കാണുമ്പോൾ ഈ പുസ്തകങ്ങളെപ്പറ്റി അഭിപ്രായം പറയണേ'.

യാത്ര പറഞ്ഞു പിരിയുമ്പോൾ ഞാൻ ഒന്ന് തിരിഞ്ഞു നോക്കി. മാനം മുട്ടെ കൊലുസുമ്മു വലുതായിരിക്കുന്നു.

കവിത



നൗഷാദ് കിളിമാനൂർ


തിരിച്ചറിവ്

ഒരു യാത്രയിലാണ്
നാം കണ്ടുമുട്ടിയത്
പാതവക്കിൽ നട്ടുച്ചക്കാണ്
നാം പരിചിതരായത്
നിന്റെ നിഴൽ
എനിക്ക് തണലായപ്പോഴാണ്
ഞാൻ തിരിച്ചറിഞ്ഞത്
ചിലപ്പോൾ
എന്റെ സ്വാമീപ്യം
നീ ആഗ്രഹിച്ചിരിക്കണം
സുരക്ഷ കണ്ടെത്തിയിരിക്കണം
പക്ഷെ
നമ്മിൽ
വാക്കുകൾ കൈപ്പെട്ടിരുന്നു.
മൗനത്തിന്റെ
വാൽമീകത്തിൽ പൊതിഞ്ഞ്
എത്ര ദൂരമാണ് നടന്നത്.....?
ഇവിടെ
നമ്മൾ വഴിപിരിയുകയാണ്
ഇനിയെങ്ങോട്ട്?
ഞാൻ
നിന്റെ തണലിൽ നിന്ന്
ജീവിതത്തിന്റെ
പൊള്ളുന്ന വെയിലിലേക്ക്.....
നീ
എന്റെ കാവലിൽ നിന്ന്
വേട്ട നായ്ക്കളുടെ ഓടയിലേക്ക്.....
എങ്കിലും
നമ്മൾ യാത്ര പറഞ്ഞു
മൗനമുടക്കാതെ!
ഏറെ നടന്നു കാണില്ല
തിരിഞ്ഞുനടന്നു.....
അവിടെ
ഒരു ശിലാ പത്മം മാത്രം.....!





എൻ. പി നവാസ് വേങ്ങര



ഇനി ആൻഡ്രോയ്ഡ് വിപ്ലവം

എസ് എം എസിന് 20 വയസ്സായത്രെ. കൃത്യമായി പറഞ്ഞാൽ 1992 ഡിസംബർ മൂന്നിനാണ് ആദ്യത്തെ എസ്.എം.എസ്. **Merry Christmas** എന്ന വാചകം ഒരു പേഴ്സണൽ കമ്പ്യൂട്ടറിൽ നിന്ന് മൊബൈൽ ഫോണിലേക്ക് പറന്നത്. ബ്രിട്ടനിലായിരുന്നു സംഭവം. ഇന്ന് നമ്മൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് ഫോണ് ചെയ്യാനോ എസ്.എം.എസ്സുകൾ അയക്കാനോ മാത്രമല്ല. ഒരു പഴ്സണൽ കമ്പ്യൂട്ടറിൽ ചെയ്യാവുന്നതും അതിനപ്പുറവും മൊബൈൽ ഫോൺ കൊണ്ട് ചെയ്യാൻ കഴിയും. ഇത്തരം ഫോണുകളെ നമ്മൾ സ്മാർട്ട് ഫോണുകൾ എന്നു പറയുന്നു. കഴിഞ്ഞ 20 വർഷം കൊണ്ട് അത്ഭുതകരമായ വളർച്ചയാണ് മൊബൈൽ ഫോൺ രംഗത്ത് ഉണ്ടായിട്ടുള്ളത്.

നിരവധി സ്മാർട്ട് ഫോണുകൾ ഇന്ന് വിപണിയിൽ ലഭ്യമായതിനാൽ ഈ ഫോണുകളെ കുറിച്ച് ഒരു സാമാന്യധാരണ നമുക്ക് ഉണ്ടാകണം. ഏത് സ്മാർട്ട് ഫോണും ഏതെങ്കിലും ഒരു ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിലാണ് പ്രവർത്തിക്കുന്നത്. ആ ഓപ്പറേറ്റിങ്ങ് സിസ്റ്റത്തെ അതിന്റെ പ്ലാറ്റ്ഫോം എന്നു പറയുന്നു. കമ്പ്യൂട്ടർ പ്രവർത്തിക്കാനും ഇങ്ങനെ ഒരു പ്ലാറ്റ്ഫോം വേണം. നിലവിൽ വിൻഡോസ്, ലിനക്സ്, മാക് എന്നിവയാണ് പ്രചാരത്തിലുള്ള കമ്പ്യൂട്ടർ ഓപ്പറേറ്റിങ്ങ് സിസ്റ്റങ്ങൾ. ഓപ്പറേറ്റിങ്ങ് സിസ്റ്റം എന്ന പറയുന്നതും ഒരു സോഫ്റ്റ്വേർ അഥവാ പ്രോഗ്രാം ആണ്.

ഒരു മൊബൈൽ ഫോൺ ഏത് ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് മുമ്പൊക്കെ ആരും അത്ര ആലോചിക്കാറില്ലായിരുന്നു. ഉദാഹരണത്തിന് ഒരു നോക്കിയ ഫോൺ വാങ്ങുമ്പോൾ അതിന്റെ ഓ.എസ്. സിംബ്യന് ആണെന്ന് അധികമാരും അറിയാൻ വഴിയില്ല. എന്നാൽ ഇന്ന് ആൻഡ്രോയ്ഡ് ഫോണുകൾക്ക് പ്രചുരപ്രചാരം സിദ്ധിച്ചതോടുകൂടി മൊബൈൽ പ്ലാറ്റ്ഫോമുകളെ കുറിച്ച് മനസ്സിലാക്കിയേ പറ്റൂ എന്നായിട്ടുണ്ട്.

കുറെ മൊബൈൽ ഓപ്പറേറ്റിങ്ങ് സിസ്റ്റങ്ങൾ പ്രചാരത്തിലുണ്ടെങ്കിലും അവയിൽ പ്രധാനപ്പെട്ട അഞ്ചെണ്ണത്തിനെ പരിചയപ്പെടുത്താം:

1. Symbian: നോക്കിയ ഫോൺ പ്രവർത്തിക്കുന്നത് ഈ പ്ലാറ്റ് ഫോമിലാണ്. **Samsung, Sharp, Sony Ericsson** മുതലായ പ്രബല കമ്പനികളും സിംബ്യന് പ്ലാറ്റ്ഫോമിൽ മൊബൈൽ നിർമ്മിക്കുന്നുണ്ട്. എന്നാൽ നോക്കിയ ഇപ്പോൾ വിൻഡോസ് പ്ലാറ്റ്ഫോമിലേക്ക് മാറാൻ മൈക്രോസോഫ്റ്റുമായി ധാരണയിൽ എത്തിയിട്ടുണ്ട്. സാംസങ്ങ് ആണെങ്കിൽ ആൻഡ്രോയിഡിലാണ് ഇപ്പോൾ ഫോണുകൾ ഇറക്കുന്നത്.

2. Black Berry RIM: ബ്ലാക്ക്ബെറി ഫോണുകൾക്ക് അവരുടെ സ്വന്തം ഓപ്പറേറ്റിങ്ങ് സിസ്റ്റമാണുള്ളത്.

3. Windows Mobile OS: കമ്പ്യൂട്ടർ ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിലെ അതികായനായ മൈക്രോസോഫ്റ്റ് അവരുടെ മൊബൈൽ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന വിൻഡോസ് മൊബൈലുകൾ മാർക്കറ്റിൽ ഇറക്കിയിട്ടുണ്ട്.

4. iOS: ആപ്പിളിന്റെ **iPhone, iPad, iPod** എന്നിവ പ്രവർത്തിക്കുന്നത് അവരുടെ **iOS** എന്ന ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിലാണ്.

5. Android OS: ആൻഡ്രോയ്ഡ് ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന മൊബൈലുകളെയാണ് നമ്മൾ ആൻഡ്രോയ്ഡ് ഫോണുകൾ എന്ന് പറയുന്നത്. ആൻഡ്രോയ്ഡ് ഓപ്പറേറ്റിങ്ങ് സിസ്റ്റം ഒരു സ്വതന്ത്ര സോഫ്റ്റ്വെയർ ആണ്. ഓപ്പൺ

Jelly Bean



സോഫ്റ്റ് വെയർ എന്നും പറയും. ആ സോഫ്റ്റ്വെയറിന്റെ സോഴ്സ് കോഡ് ആർക്കും ലഭ്യമാണ്. ആർക്കും വികസിപ്പിക്കാവുന്നതും പരിഷ്ക്കരിക്കാവുന്നതുമായ പ്രോഗ്രാമുകളെയാണ് ഓപ്പൺ സോഫ്റ്റ്വെയർ എന്ന് പറയുന്നത്. ആൻഡ്രോയ്ഡും സ്വകാര്യ സോഫ്റ്റ്വെയർ ആയിരുന്നു. പിന്നീട് 2005ൽ ഗൂഗിൾ ആൻഡ്രോയ്ഡ് കമ്പനിയെ വിലക്ക് വാങ്ങി. ഗൂഗിൾ എന്നാൽ ആൻഡ്രോയ്ഡ് ഓപ്പറേറ്റിങ്ങ് സിസ്റ്റം ഉപയോഗിച്ചുകൊണ്ട് ഗൂഗിൾ നെക്സസ് എന്ന പേരിൽ മൊബൈൽ ഫോൺ പുറത്തിറക്കി. ആ ഫോൺ പക്ഷെ നിർമ്മിച്ചത് ഗൂഗിളിന് വേണ്ടി **HTC** എന്ന കമ്പനിയാണ്. ആൻഡ്രോയ്ഡ് കമ്പനിയെ വാങ്ങിയെങ്കിലും ആ സോഫ്റ്റ്വെയർ പബ്ലിക് ലൈസൻസ് പ്രകാരം ആർക്കും ഉപയോഗിക്കാൻ ഗൂഗിൾ അനുവദിക്കുകയായിരുന്നു. അതിന്റെ ഫലമായി എത്രയോ കമ്പനികൾ ഇന്ന് ആൻഡ്രോയ്ഡ് ഫോണുകൾ നിർമ്മിക്കുന്നു.

ആൻഡ്രോയ്ഡ് ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിൽ ജാവ പ്രോഗ്രാം ഉപയോഗിച്ച് പലതരത്തിലുള്ള ആപ്ലിക്കേഷനുകളും ഗെയിമുകളും രൂപകൽപന ചെയ്യാൻ പറ്റും. അങ്ങനെ ഇന്ന് ലക്ഷക്കണക്കിന് ആൻഡ്രോയ്ഡ് ആപ്ലിക്കേഷനുകൾ ഉണ്ട്. ആൻഡ്രോയ്ഡ് ഫോൺ കൈവശമുള്ള ആൾക്ക് ഗൂഗിളിന്റെ ആൻഡ്രോയ്ഡ് മാർക്കറ്റിൽ നിന്ന് ആവശ്യമുള്ള ആപ്ലിക്കേഷനുകൾ ഡൗൺലോഡ് ചെയ്യാൻ സാധിക്കും. ചില ആപ്ലിക്കേഷനുകൾക്ക് നാമമാത്രമായ വില കൊടുക്കേണ്ടി വരും എന്ന് മാത്രം. ഗൂഗിൾ അക്കൗണ്ട് ഉള്ള ആർക്കും ഇങ്ങനെ ആൻഡ്രോയ്ഡ് മാർക്കറ്റിൽ നിന്ന് ആപ്പ്സ് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യാം. അത് കൂടാതെ നിരവധി തേർഡ് പാർട്ടി ആപ്ലിക്കേഷനുകളും ഫ്രീയായി ലഭിക്കും.

ആൻഡ്രോയ്ഡ് സോഫ്റ്റ്വെയറിന് ഏറ്റവും ലേറ്റസ്റ്റ് വേർഷൻ 4.2 ആണ്. നാലാമത്തെ സീരീസില് 4.1.1 വെർഷൻ (**Jelly Bean**) ഇപ്പോൾ ഇന്ത്യയിൽ ലഭ്യമാണ്. സാംസങ്ങിന്റെ ഗ്യാലക്സി എസ് -3 ഫോൺ ഓട്ടോമെറ്റിക് ആയി ജെല്ലി ബീൻ 4.1.1 ലേക്ക് അപ്ഗ്രേഡ് ചെയ്യപ്പെടുന്നുണ്ട്. ഇങ്ങനെ ആൻഡ്രോയ്ഡ് ഫോണുകൾ ജെല്ലി ബീൻ 4.1.1ലേക്ക് അപ്ഗ്രേഡ് ചെയ്യപ്പെടുമ്പോൾ അത് വളരെയധികം സ്മാർട്ട് ആവുകയാണ്. ഏറ്റവും വലിയ പ്രത്യേകത സ്വിച്ച് ചെയ്യാവുന്ന കീബോർഡ് ആണ്. ഇംഗ്ലീഷിന് പുറമെ ഹിന്ദി, മലയാളം, തമിഴ്, കന്നട, തെലുങ്ക് എന്നിങ്ങനെയുള്ള ഇന്ത്യൻ ഭാഷകൾ ഉൾപ്പെടുന്ന 45ഓളം ഡിഫോൾട്ട് കീബോർഡുകളാണ് ഇതിൽ ഉള്ളത്. ഡെഡിക്കേറ്റഡ് കീബോർഡിൽ നിന്ന് 45 ഭാഷകളിൽ സ്വിച്ച് ചെയ്ത് ഒരേ സമയം ടൈപ്പ് ചെയ്തുപോകാമെന്ന് സാരം. കമ്പ്യൂട്ടറിൽ നിലവിൽ പ്രതീക്ഷിക്കാൻ കഴിയാത്തതാണ് ഈ സൗകര്യം എന്നോർക്കുമ്പോൾ ആൻഡ്രോയ്ഡ് ഫോൺ കമ്പ്യൂട്ടറിനെയും മറികടക്കുകയാണ്. യൂനികോഡ് സപ്പോർട്ട് ചെയ്യുന്നതുകൊണ്ട് ഏത് പ്രാദേശിക ഭാഷകളിലും വായിക്കാനും കഴിയും.

ചുരുക്കത്തിൽ ഒരു ആൻഡ്രോയ്ഡ് ഫോണും അതിൽ 3 ജി സിം കാർഡും ആവശ്യത്തിന് ഡാറ്റ ബാലൻസും ഉണ്ടെങ്കിൽ നമുക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കാനാവും എന്നതാണ് സത്യം



കഥ



ഷംസാദ് മേലേതിൽ



പുള്ളിത്തട്ടം

വീട്ടിൽ നിന്നും യാത്ര പറഞ്ഞിറങ്ങുന്ന ആ ഒരു നിമിഷമാണ് ഒരു പ്രവാസിയുടെ ഏറ്റവും വലിയ വേദന എന്ന് വീണ്ടും തിരിച്ചറിയുകയായിരുന്നു അവധിക്കാലം കഴിഞ്ഞു വീണ്ടും ഗൾഫിലേക്ക് പുറപ്പെടുകയായിരുന്ന അന്ന്....

ബോംബെ വരെ ബസ്സിലായിരുന്നു യാത്ര... അധികമൊന്നും യാത്രക്കാർ ഇല്ലാത്തതിനാൽ ഉള്ളവർ അവിടെയും ഇവിടെയും ഒക്കെ സ്ഥലം പിടിച്ചിരുന്നു.

ഞാനും ഒരു മൂലയിൽ ഒതുങ്ങിക്കൂടി. മൂകതയായിരുന്നു ബസ്സിനുള്ളിൽ.... അതായിരുന്നു എനിക്ക് വേണ്ടതും.....

മുഖത്ത് പ്രതീക്ഷകളും സ്വപ്നങ്ങളും ആവരണം ചെയ്ത ചിലരെ അവർ ആദ്യമായി ഗൾഫിൽ പോകുകയാണെന്ന് വിളിച്ചറിയിക്കുന്നുണ്ടായിരുന്നു...

രാത്രി ആയതിനാൽ പുറം കാഴ്ചകളിൽ ഒരു സാധ്യത ഇല്ലാഞ്ഞിട്ടും എന്റെ കണ്ണുകൾ തെരുവ് വിളക്കിന്റെ വെളിച്ചത്തിൽ എന്തോ പരതിക്കൊണ്ടിരുന്നു.

മനസ്സിനെ കീറിമുറിക്കുന്ന ഓർമ്മകളായിരുന്നു ഈ അവധിക്കാലം എനിക്ക്.

സാധാരണ ഇത്ര അധികം നീണ്ടു നിൽക്കാറില്ല.... എന്റെ ഒരു സുഹൃത്തിന് വേണ്ടിയാണ് ഇത്ര ദീർഘിച്ചു നിന്നത്... എന്റെ എല്ലാം ആയിരുന്നു അവൻ..

ഒരു നല്ല സുഹൃത്തിനും അപ്പുറം ആയിരുന്നു ഞങ്ങളുടെ ബന്ധം.. അവന്റെ പേര് ഷേഹ ബാസ്.... കഴിഞ്ഞ വർഷമായിരുന്നു അവന്റെ വിവാഹം... ദാമ്പത്യത്തിന്റെ മധുരം ആസ്വദിച്ചു തുടങ്ങും മുമ്പേ.... പെയ്തോർന്ന മഴയാൽ കുളിരുള്ള ഒരു രാത്രിയിൽ എല്ലാവരെയും ദു:ഖത്തിലാഴ്ത്തി മരണം ഒരു വാഹനാപകടത്തിന്റെ രൂപത്തിൽ അവന്റെ പ്രിയ സഖിയെയും കൊണ്ടു യാത്രയായി. അവന്റെ മാനസിക നില തെറ്റി. മരിക്കുന്ന സമയത്ത് അവളുടെ തലയിലുണ്ടായിരുന്ന പുള്ളിത്തട്ടം എപ്പോഴും അവന്റെ കൈയിൽ ഉണ്ടായിരുന്നു. അതൊരിക്കലും കൈവിട്ടിരുന്നില്ല. അതിലൂടെ അവന് അവളെ കാണുന്നുണ്ടായിരുന്നു. അതു മുഖത്തു ചേർത്ത് പിടിച്ചങ്ങനെ കരയും.. ഇടയ്ക്കു ചിരിക്കും...

അവളോട് പറയുന്നപോലെ എന്തൊക്കെയോ പറയും... ചിലപ്പോൾ അലക്ഷ്യതയിലേക്ക് കണ്ണും നട്ടങ്ങനെ ഇരിക്കും...

ഡോക്ടർ നിർദേശിച്ച പ്രകാരമാണ് ഞാൻ നാട്ടിലെത്തുന്നത്.. പ്രായമായ അവന്റെ മാതാപിതാക്കൾക്ക് അവനെ പരിചരിക്കുക അസാധ്യമായിരുന്നു. മനസ്സിന് ഭ്രാന്താകുമ്പോൾ അവൻ എന്റെ സാമീപ്യം ഗുണം ചെയ്യുമെന്ന് എനിക്കും തോന്നി.

ബസ് എവിടെയോ നിർത്തി രാത്രി ഭക്ഷണത്തിനാണെന്ന് തോന്നുന്നു. ഒരു ഉറക്കം കഴിഞ്ഞു കണ്ണ് തിരുമ്മി ചിലർ വിൻഡോ കർട്ടൻ നീക്കി പുറത്തുനോക്കി... ഭക്ഷണം കഴിച്ചു തിരിച്ചു കയറുമ്പോൾ ചിലരൊക്കെ ഇട്ടിരുന്ന പാന്റും ഷർട്ടും ഒക്കെ മാറ്റി ലുങ്കിയും ടീഷർട്ടും ഇടുന്നത് കണ്ടു..

വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ ഭാര്യ കണ്ണീരിൽ ചാലിച്ചു പൊ

തിഞ്ഞു തന്ന അരിപ്പത്തിരിയും നല്ല വറുത്തരച്ച ബീഫ് കറിയും കൂട്ടി ഞാൻ ബസ്സിനുള്ളിൽ നിന്ന് തന്നെ പശിയടക്കി.

വളരെ ദുഷ്കരമാണ് രണ്ടു രണ്ടര ദിവസം നീണ്ടു നിൽക്കുന്ന ഈ ബസ് യാത്ര എന്ന് അറിയാഞ്ഞിട്ടല്ല...

എടുത്ത ടിക്കറ്റ് കാൻസൽ ചെയ്യേണ്ടി വന്നു. അതും ഒരു കഥയാണ്...

ഞാൻ തിരിച്ചു പോരുന്നതിന്റെ രണ്ട് ദിവസം മുമ്പ് എല്ലാവരെയും വീണ്ടും സങ്കടക്കയത്തിലേക്ക് തള്ളിയിട്ടു അവൻ അപ്രത്യക്ഷനായി... എവിടേക്കാണ് പോയതെന്നറിയില്ല.... പറ്റുന്നിടത്തൊക്കെ തിരഞ്ഞു.. പരസ്യം ചെയ്തു.... പോലീസ് സ്റ്റേഷനുകളും ആശുപത്രികളും കയറി ഇറങ്ങി... ബസ് സ്റ്റാന്റുകൾ, റെയിൽവെ സ്റ്റേഷനുകൾ... കടത്തിണ്ണകൾ എന്ന് വേണ്ട എല്ലാ മുക്ക് മൂലകളിലും അയൽ സംസ്ഥാനങ്ങളിലും വരെ തിരഞ്ഞു... ഒരു വിവരവും കിട്ടിയില്ല... ഹൃദയത്തിന്റെ കോണിലെവിടെയോ അവൻ മിന്നി മറിഞ്ഞുകൊണ്ടേയിരുന്നു... സുഖമായിരുന്നപ്പോഴും അതിനുശേഷവും അവന്റെ ചിരിയിലും വാക്കുകളിലും ഉണ്ടായ മാറ്റങ്ങൾ ഓർത്തു മനസ്സ് പരിതപിച്ചു.... കാര്യമില്ലെന്നറിഞ്ഞിട്ടും വിധിയെ പഴിച്ചു.

ഒരു മനുഷ്യനെ ഇത്ര പെട്ടെന്ന് മാറ്റിമറിക്കുന്ന മനസ്സിന്റെ വികൃതിയെ ഉൾക്കൊള്ളാൻ കഴിയാതെ എനിക്ക് വീണ്ടും ഗൾഫിലേക്ക് തിരിക്കേണ്ടി വന്നു.

രണ്ട് ദിവസത്തെ യാത്രക്ക് ശേഷം ഞങ്ങൾ ബോംബെയിൽ എത്തി.. എനിക്കുള്ള ഫ്ളൈറ്റ് ഇനിയും രണ്ടു ദിവസം കഴിഞ്ഞാണ്.. റൂമിൽ ബോറടിച്ചിരുന്നപ്പോൾ ബസ് യാത്രയിൽ പരിചയപ്പെട്ട ഒരു സുഹൃത്തിനെയും കൂട്ടി ഒന്ന് ചുറ്റി കറങ്ങാൻ തീരുമാനിച്ചു...

കാർമേഘക്കീറുകൾക്കിടയിലൂടെ വെയിൽനാളങ്ങൾ തിരി നീട്ടുന്നുണ്ടായിരുന്നു. എവിടെ നിന്നോ ഒഴുകി വന്ന ഉസ്താദ് ഗുലാം അലിയുടെ 'ചുപ്കെ ചുപ്കെ.. രാത് ദിൻ' ഗസലും ആസ്വദിച്ചു വഴിയോര കാഴ്ചകളും കണ്ടു ബോംബെയുടെ തെരുവ് വീഥികളിലൂടെ നടന്നു നീങ്ങി.

ജാഞ്ചികർ സ്ട്രീറ്റ് കഴിഞ്ഞു. മസ്ജിദ് ബന്ദർ വെസ്റ്റിലൂടെ ക്രോ ഫോർഡ് മാർക്കറ്റിന്റെ പിറകിലെ ഗല്ലിയിലൂടെയാണ് തിരക്ക് മൂലം ഞങ്ങൾ പോയത്.

"സർ ജെ.ജെ. ഫ്ളൈ ഓവർ" വരെ പോയി... മഴക്കുള്ള സാധ്യത കണ്ടപ്പോൾ തിരിച്ചു പോന്നു. കുറഞ്ഞ സമയങ്ങൾ കൊണ്ട് അവിടെ കണ്ട കാഴ്ചകൾ മായാതെ കിടന്നു.. മനസ്സത് പുനർവിചിന്തനം ചെയ്തുകൊണ്ടേ ഇരുന്നു.. അഴുക്കു വെള്ളത്തിൽ കുളിക്കുന്ന തെരുവ് നിവാസികളും.. വിശന്നൊട്ടി കരയുന്ന കുട്ടികളും... വെറും പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് മറച്ച തെരുവോരത്തെ വീടുകളും വെസ്റ്റുകളിൽ നിന്നും ഭക്ഷണാവശിഷ്ടങ്ങൾ തിരഞ്ഞു തിന്നുന്ന യാചകരും റോഡിലെ കുഴിയിലുള്ള വെള്ളം കുടിക്കുന്ന സ്ത്രീകളും.. മനസ്സിനുൾക്കൊള്ളാൻ കഴിയാത്ത കാഴ്ചകളായിരുന്നു മുഴുവനും.

കുറച്ചുകൂടി മുന്നോട്ടു നീങ്ങിയപ്പോൾ കുറെ ആളുകൾ വട്ടം കൂടി ഒരാളെ മർദ്ദിക്കുന്നത് കണ്ടു. അയാൾ എന്തൊക്കെയോ വിളിച്ചു കൂവുന്നുണ്ടായിരുന്നെങ്കിലും ശബ്ദ കോലാഹലങ്ങൾക്കിടയിൽ ഒന്നും വ്യക്തമാവുന്നില്ലായിരുന്നു...

ഇത്തരം സാഹചര്യങ്ങളെ മനപ്പൂർവം ഉണ്ടാക്കി ആളുകളുടെ ശ്രദ്ധ അതിലേക്കു തിരിക്കുകയും ആ സമയം പോക്കറ്റടിക്കുകയും ഇവിടെ സാധാരണയാണെന്നു അറിയാവുന്നത് കൊണ്ട് പാന്റിന്റെ പോക്കറ്റ് ഇടയ്ക്കിടെ തപ്പി നോക്കി.

അയാളെ ഒരു വശത്തേക്ക് പൊക്കിയെറിഞ്ഞു എന്തോ പിറുപിറുത്ത് കൊണ്ട് ആ സംഘം സ്ഥലം വിട്ടു... അടികൊണ്ടു കിടക്കുന്ന അയാൾക്കരികിലൂടെയാണ് ഞങ്ങൾ നടന്നുനീങ്ങിയത്... ജടപിടിച്ച മുടിയും താടിയും രക്തംകൊണ്ട് ഒട്ടിപിടിച്ചിരുന്നു.. ദയനീയമായ കണ്ണുകൾ എന്നെ തന്നെ നോക്കുന്നത് ഞാനറിഞ്ഞു.. മഴ ഇറ്റി വീണു തുടങ്ങി.. സുഹൃത്ത് എന്റെ കൈ പിടിച്ചു വലിച്ചു മുന്നോട്ടു അതിവേഗത്തിൽ നടന്നു നീങ്ങി. ഞാൻ മർദ്ദനമേറ്റ അയാളെ തന്നെ തിരിഞ്ഞു നോക്കുകയായിരുന്നു. അയാൾ അടുത്തുള്ള എന്തിലോ തപ്പിപിടിച്ച് എഴുന്നേറ്റു രണ്ടുമൂന്നടി ദൂരം നടന്നു. നിലത്തുനിന്ന് എന്തോ പരതി എടുത്തു മുഖത്തോട് ചേർത്ത് ഉമ്മവെക്കുന്നത് ഞാൻ കണ്ടു. പിന്നെ അയാൾ അവശനായി നിലംപതിച്ചു.

എന്റെ സിരകളിൽ രക്തം തിളച്ചു. രോമകൂപങ്ങളെല്ലാം തരിച്ചുപൊങ്ങി നിന്നു. കണ്ണുകളിൽ ഇരുട്ട് കയറി... അയാളുടെ കൈകളിൽ ഞാനത് കണ്ടു.. ചെളി പുരണ്ട പുള്ളിത്തട്ടം... സുഹൃത്തിന്റെ കൈ തട്ടിമാറ്റി ഒരു അട്ടഹാസത്തോടെ ഞാൻ ഓടിച്ചെന്നു.

"ഷേഹബാസ്... എന്റെ കൂട്ടുകാരൻ"

എന്റെ പ്രിയ കൂട്ടുകാരൻ...

വാരിയെടുത്ത് നെഞ്ചോടു പുണർന്നു...

ആളുകൾ ശ്രദ്ധിക്കുന്നതൊന്നും നോക്കാതെ തുരുതുരെ ഉമ്മ വെച്ച് പൊട്ടിക്കരഞ്ഞു....

അവന്റെ കൈകൾ എന്റെ പുറത്തുകൂടെ ഒരു പ്രാവശ്യം തലോടി പിന്നെപിന്നെ അത് അയഞ്ഞു നിശ്ചലമാകുന്നത് ഞാനറിഞ്ഞു... ഒരൽപം ശങ്കയോടെ അവനെ അടർത്തിമാറ്റി... എന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല... ഞാൻ പ്രതീക്ഷിച്ചത് സംഭവിച്ചിരിക്കുന്നു. ഷേഹബാസ് മരിച്ചിരിക്കുന്നു.

തൊണ്ട വരണ്ട പോലെ... കൈകാലുകൾ കുഴയുന്ന പോലെ..

ഒരു വലിയ ഇടിമുഴക്കത്തോടെ മഴ തിമർത്തു പെയ്തു..

തെരുവീഥികളിൽ അഴുക്കു വെള്ളം കുത്തിയൊലിച്ചിറങ്ങി..

എന്ത് ചെയ്യണമെന്നറിയാതെ ഞാൻ പകച്ചു നിൽക്കുമ്പോൾ മഴ വെള്ളത്തിലൂടെ പുള്ളിത്തട്ടം ഒലിച്ചു പോകുന്നുണ്ടായിരുന്നു.



വാചകം
ഇ മാഗസിൻ

മാനുഷിക പ്രശ്നങ്ങളിൽ ഇടപെടുക ലീഗിന്റെ പ്രഖ്യാപിത ലക്ഷ്യം: അരിമ്പ്ര മുഹമ്മദ് മാസ്റ്റർ




"നിത്യ ഹരിത ഭൂമി, വീണ്ടെടുക്കപ്പെട്ട പ്രകൃതി" കെ.എം.സി.സി മലപ്പുറം ജില്ലാ കമ്മറ്റി സംഘടിപ്പിച്ച സെമിനാർ അരിമ്പ്ര മുഹമ്മദ് മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.

മാനുഷിക പ്രശ്നങ്ങളിൽ ഇടപെടുക ലീഗിന്റെ പ്രഖ്യാപിത ലക്ഷ്യമാണെന്ന് മുസ്ലിംലീഗ് മലപ്പുറം ജില്ലാ വൈസ്പ്രസിഡന്റും ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റുമായ അരിമ്പ്ര മുഹമ്മദ് മാസ്റ്റർ അഭിപ്രായപ്പെട്ടു. കെ.എം.സി.സി. മലപ്പുറം ജില്ലാ കമ്മിറ്റി ബത്ഹ ന്യൂ സഫ മക്ക പോളി ക്ലിനിക്കിൽ സംഘടിപ്പിച്ച "നിത്യ ഹരിത ഭൂമി, വീണ്ടെടുക്കപ്പെട്ട പ്രകൃതി" സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സെമിനാറിൽ പങ്കെടുത്തു സംസാരിച്ച സാംസ്കാരിക പ്രവർത്തകൻ ജയചന്ദ്രൻ നെരുവമ്പ്രം 65 വർഷം പിന്നിട്ട ലീഗിന് വൈകി വന്ന ചിന്തയല്ലേ ഇതെന്ന് സംശയം ഉണ്ടെന്നു അഭിപ്രായപ്പെട്ടു. ഗാഡ്ഗിൽ റിപ്പോർട്ട് കൂടുതൽ പഠനത്തിനു ശ്രമിക്കാതെ തള്ളിയത് അംഗീകരിക്കാനാവില്ല. രാഷ്ട്രീയ പാർട്ടികളുടെ വികസന കാഴ്ചപ്പാടുകൾ മാറ്റണമെന്നും മണ്ണിനെയും മനുഷ്യനെയും പരിഗണിച്ചുള്ള വികസനം നടപ്പിലാക്കണമെന്നും അദ്ദേഹം പറഞ്ഞു. അവനവനെ തൊട്ടുള്ള വികസന കാഴ്ചപ്പാട് ഉയർന്നു വരണമെന്നും വരും തലമുറക്ക് വേണ്ടി പരിസ്ഥിതിയെ ബാക്കിവെക്കണമെന്നും മാധ്യമം ബ്യൂറോ ഇൻചാർജ് സമീൽ ഇല്ലിക്കൽ അഭിപ്രായപ്പെട്ടു. ചർച്ചയിൽ അവസാനം സംസാരിച്ച ഗ്രേസ് ജനറൽ സെക്രട്ടറിയും കെ.എം.സി.സി. നേതാവുമായ സയ്യിദ് അഷ്റഫ് തങ്ങൾ പരിസ്ഥിതി വിഷയങ്ങളിൽ മുസ്ലിം ലീഗിന്റെ കാഴ്ചപ്പാട് വ്യക്തമാണെന്നു പറഞ്ഞു. കേരളത്തിലെ മുഴുവൻ സമയ പരിസ്ഥിതി പ്രവർത്തകനായ ഏക രാഷ്ട്രീയക്കാരൻ കെ.എ.റഹ്മാൻ ലീഗുകാരനായിരുന്നു. പരിസ്ഥിതിയെ സംരക്ഷിച്ചു നിർത്തുക എന്നത് ഇസ്ലാമിന്റെ പ്രഖ്യാപനമാണെന്നും അത് നടപ്പിലാകാത്ത പക്ഷം അല്ലാഹുവിങ്കൽ മറുപടി പറയേണ്ടിവരുമെന്നും തങ്ങൾ പറഞ്ഞു. പരിസ്ഥിതി സൗഹൃദ വികസനത്തിന് ഒരുമിച്ചു നിന്ന് പ്രവർത്തിക്കാൻ മുഴുവൻ മനുഷ്യരും തയ്യാറാകണമെന്നും പരിസ്ഥിതിയെ ഗൗനിക്കാതെ ഇനി ഏറെക്കാലം മുന്നോട്ടു പോകാനാകില്ലെന്നും സെമിനാർ അഭിപ്രായപ്പെട്ടു. ഇവിടുത്തെ വൃക്ഷം, മണ്ണ്, ജലം, മനുഷ്യ ജീവിതം എന്നിവയെ തൊട്ടും അനുഭവിച്ചും അറിയുകയാണ് വേണ്ടത്. പത്തുപേരുടെ ജീവിതം നശിപ്പിച്ചു കൊണ്ട് രണ്ടുപേർക്കായി വികസനം ഉണ്ടായിട്ട് കാര്യമില്ല. ജീവിതത്തിന്റെ മൂല്യങ്ങൾ പുതിയ തലമുറക്ക് പകർന്നു നൽകാൻ സാധിക്കണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന വിപത്തിനെപറ്റി നാം ഇപ്പോഴും വേണ്ടത്ര ബോധവാന്മാരല്ല. രാഷ്ട്രീയ പാർട്ടി എന്ന നിലക്ക് ഈ ദൗത്യം ഏറ്റെടുത്തതിൽ മുസ്ലിം ലീഗ് അഭിനന്ദനമർഹിക്കുന്നുവെന്നും സെമിനാർ അഭിപ്രായപ്പെട്ടു.

കെ.എം.സി.സി. മലപ്പുറം ജില്ലാ കമ്മിറ്റി പ്രസിഡന്റ് അബ്ദുസ്സമദ് കൊടിഞ്ഞി ചർച്ച നിയന്ത്രിച്ചു. കെ.എം.സി.സി. നാഷണൽ കമ്മിറ്റി ഭാരവാഹി കോയാമു ഹാജി, സെൻട്രൽ കമ്മിറ്റി നേതാവ് ഷാജി ആലപ്പുഴ, സുഫിയാൻ അബ്ദുസ്സലാം എന്നിവർ ആശംസകൾ നേർന്നു. അഷ്റഫ് കൽപകഞ്ചേരി, ബഷീർ വെട്ടം, യൂനുസ് സലീം താഴെക്കോട്, അസീസ് വെങ്കിട്ട തുടങ്ങിയവർ നേതൃത്വം നൽകി. ഷുഹൈബ് പനങ്ങാങ്ങര സ്വാഗതവും പറഞ്ഞു. സാജിദ് മൂന്നിയൂർ നന്ദിയും പറഞ്ഞു.



inbox

വചനം ഇ- മാ ഗ സി നി ലേക്ക് സൃഷ്ടി കളും അഭി പ്രാ യ ങ്ങളും ക്ഷണി ക്കുന്നു

vachanamkmcc@gmail.com
Fax: 01 4646116

വചനം മാഗസിൻ പുതിയ ലക്കം അവതരണത്തിലും, ഉള്ളടക്കത്തിലും മികച്ചു നിൽക്കുന്നു. ഇനിയും ഒരു പാട് വിഭവങ്ങൾ ചേർത്ത് വായനക്കാർക്ക് ഇഷ്ടപ്പെട്ട മാഗസ്സിനായി വചനം മാറട്ടെ എന്ന് ആശംസിക്കുന്നു.

അബ്ദുൽ റസാഖ് കൊടക്കാട് - റിയാദ്

The factual description of Sultan about NSS is timely . I hope that the leadership of NSS should be able to read the article. I wish that if some one can find out their email and send it to them, The article of Sulaiman is inspiring and gives a sigh of releif to the readers.

The narration in travelogue by mr.kambar is superb. The Poems by sisters, The lessons of Translation from Mr.Madhu nair. All the literary contents gave a delightful read. The layout, design looks fine.

Vachanam will definitely help to bring out the talents of new generation writers. Kudos to Vachanam Team

Udinoor Mohammed Kunhi

Thank you very much for publishing the article on ScienceUncle.com. It was an excellent read!
Thanks to the author Abdul Majeed.

Regards,ScienceUncle

അക്ഷര പിശാച് അർത്ഥത്തെ അട്ടിമറിച്ച് അനർത്ഥങ്ങൾ വരുമെന്നതിനാൽ അതിനു മുന്തിയ പരിഗണന തന്നെ നൽകാൻ ശ്രദ്ധിക്കണം എന്നൊരപേക്ഷയുണ്ട്, മുഖ പേജിൽ തന്നെ വന്ന വലിയ ഒരു പിശക് ചൂണ്ടിക്കാട്ടാനാണ് ഇതെഴുതുന്നത്. പരിപ്രേക്ഷം എന്നൊരു വാക്ക് മലയാളത്തിൽ ഇല്ല. വീക്ഷണം, കാഴ്ചപ്പാട് എന്നിങ്ങനെ അർത്ഥം വരുന്ന പരിപ്രേക്ഷ്യം എന്ന വാക്കിനെയാവണം അക്ഷര പിശാച് പിടികൂടി സാഹിത്യം പുത്തൻ പരിപ്രേക്ഷത്തിൽ എന്നാക്കിയത് എന്ന് തോന്നുന്നു.. എന്തായാലും പുതിയ ലക്കം പൊതുവെ നന്നായിട്ടുണ്ട്.

ജയചന്ദ്രൻ നെരുവമ്പ്രം,റിയാദ്

നോർക്ക റൂട്ട്സ് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു.



എൻ. ആർ. കെ ചെയർമാനും കെ.എം.സി.സി നാഷണൽ കമ്മറ്റി സെക്രട്ടറിയുമായ വി. കെ മുഹമ്മദ് രവി അമ്പാട്ടിനു കാർഡ് നൽകി വിതരണോദ്ഘാടനം നടത്തുന്നു.

റിയാദ് കെ.എം.സി.സി മലപ്പുറം ജില്ലാ കമ്മറ്റിക്ക് കീഴിലുള്ള പ്രവാസി വെൽഫെയർ സെൽ കഴിഞ്ഞ രണ്ടു മാസമായി നടത്തി വന്നിരുന്ന നോർക്ക റൂട്ട്സ് കാർഡ് വിതരണ കാമ്പയിന്റെ ഭാഗമായി ആദ്യ ഘട്ടം തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു. നിരന്തരമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തി വിവിധ മേഘലകളിൽ നിന്നായി സ്വരൂപിച്ച മൂവായിരത്തോളം അപേക്ഷകൾ നോർക്ക റൂട്ട്സിന്റെ വിവിധ ഓഫീസുകളിൽ സമർപ്പിച്ചതിൽ നിന്നും കൈപ്പറ്റിയ ഇരുനൂറു കാർഡുകൾ ആണ് ആദ്യ ഘട്ടത്തിൽ വിതരണം ചെയ്തത്.

ബത്ഹ ന്യൂ സഫ മക്ക ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രവാസി വെൽഫെയർ ചെയർമാൻ ബഷീർ പാണ്ടിക്കാട് അധ്യക്ഷത വഹിച്ചു. കെ.എം.സി.സി മലപ്പുറം ജില്ലാ കമ്മറ്റി പ്രസിഡന്റ് അബ്ദുസമദ് കൊടിഞ്ഞി ഉദ്ഘാടനം ചെയ്തു. എൻ. ആർ. കെ ചെയർമാനും കെ.എം.സി.സി നാഷണൽ കമ്മറ്റി സെക്രട്ടറിയുമായ വി. കെ മുഹമ്മദ്, രവി അമ്പാട്ടിനു കാർഡ് നൽകി വിതരണോദ്ഘാടനം നടത്തി. നോർക്ക റൂട്ട്സ് കൺസൾട്ടന്റ് ശിഹാബ് കൊട്ടുകാട്, കെ.എം.സി.സി നാഷണൽ കമ്മറ്റി ഭാരവാഹികളായ റഫീഖ് പാറക്കൽ, കെ.കെ കോയാമു ഹാജി സെൻട്രൽ കമ്മറ്റി പ്രസിഡന്റ് കുന്നുമ്മൽ കോയ, മുസ്തഫ ചീക്കോട്, ഷുഹൈബ് പനങ്ങാങ്ങര, ഇഖ്ബാൽ കാവനൂർ, ബഷീർ വെട്ടം പ്രവാസി വെൽഫെയർ ഭാരവാഹികളായ ഫൈസൽ ചേളാരി, ഷംസു വടപുറം, ബഷീർ ഇരുമ്പുഴി, ഹമീദ് ക്ലാരി, അബൂബക്കർ കൊള്ളിത്തൊടി എന്നിവർ നേതൃത്വം നൽകി. പ്രവാസി വെൽഫെയർ കൺവീനർ അസീസ് വെങ്കിട്ട സ്വാഗതവും മുജീബ് ഇരുമ്പുഴി നന്ദിയും പറഞ്ഞു.

IT നിങ്ങളുടെ ഒരു സ്വപ്നമാണോ?

സൗദി അറേബ്യയുടെ തലസ്ഥാന നഗരിയായ റിയാദിൽ
ഒരു പതിറ്റാണ്ടിലേറെ കെക്നിക്കൽ വിദ്യാഭ്യാസ രംഗത്ത്
ചലനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന,
നിരവധി പേർക്ക് തൊഴിലവസരം നേടിക്കൊടുത്ത സീടെക്,
അത്യാധുനിക ലാബ് സൗകര്യത്തോടുകൂടി,
മികവുറ്റ അധ്യാപനത്തിൽ സമ്പന്നരായവരുടെ നേതൃത്വത്തിൽ..

വാഗ്ദാനങ്ങൾക്കപ്പുറം
അനുഭവസ്ഥരുടെ
പിന്തുണയാണ്
ഞങ്ങളുടെ പ്രചോദനം..!
നിങ്ങളുടെയും...!!

Zee Tech
COMPUTER AND INTERNET CENTER

6.00 am to 11.30 pm

12th Anniversary
Special Offer for Course Fee
up to 50%

Special Courses to build your career as...
Office Secretary, Store Keeper, Office Clerk,
Accountant, Designer, Web Designer,
AutoCAD Draftsman (Electrical & Mechanical)
Network Administrator...etc

Rail Street, Riyad Bank Building, Batha, Riyadh – Saudi Arabia
Tel: 01 4065182, 014065607, Mobile: 05 32 52 82 62
email: info@zeetechnology.com, www.zeetechnology.com

Zee Tech
COMPUTER AND INTERNET CENTER

Courses offered

Ms Word 2003,07 & 2010
Ms Excel 2003, 07 & 2010
Ms Power Point 2003, 07 & 2010
Internet & E-mail

2d & 3d, 3d Studio Max,
Primavera, Micro Station, Illustrator

Power Point, Photoshop, Illustrator
Pagemaker, Corel Draw, InDesign
Macro Media Flash

Photoshop, Flash, Dream Weaver
Macro Media, Frontpage, Html
Dhtml, Java Script, Asp.net

Excel, Tally, Dac Easy, Ex Next Generation
Peach Tree

Auto Cad (Draftsman-Electrical & Mechanical)
Desk 3d Max, Maya, Hardware Engineering
Assembling, Formating, Partition, Installation
Trouble Shoot

Photoshop, Dream Weaver, After Effects, Premiere
Fcp (final Cut Pro)

Photoshop, After Effects, Real Flaw
Premiere, Auto Desk Combustion, Programming
Visual Basic, Vb Net, C, C++

All types of Desk Top PC's
Windows OS All Versions for
Desktop & Laptop's, with all required drivers and programs
Program for Accounting, Data Processing, Employee Payroll,
Sales & Invoice and Warehouse Storage System As per
Clients Specifications
All Desktop & Laptop PC's
Server Configuration, Modem Installation/Configuration,
LAN Cabling, Troubleshoot LAN & WAN, and
Network Printer Installation

"OUT LOOK IS NOT OUR ASSET
BUT, EXPERIENCE IS OUR ASSET"





റിയാദ് കെ.എം.സി.സി ഓഫീസ് ഉദ്ഘാടന ചടങ്ങിൽ പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ പങ്കെടുത്തപ്പോൾ

കെ.എം.സി.സി. മലപ്പുറം ജില്ലാ കമ്മിറ്റി - റിയാദ്

പ്രവാസി വെൽഫെയർ സെൽ

ഹെൽപ് ഡെസ്ക്

വിവിധ കാരണങ്ങളാൽ പ്രയാസപ്പെടുന്ന പ്രവാസികൾക്കായി ഹെൽപ് ഡെസ്ക് ബത്ഹ ന്യൂ സഫാമക്ക ഓഡിറ്റോറിയത്തിൽ പ്രവർത്തനമാരംഭിച്ചു. എംബസ്സി ഔട്ട്പാസ്സ് ലഭിക്കുന്നതിനുള്ള സഹായങ്ങൾക്കും,സംശയ നിവാരണത്തിനും സൗകര്യമുണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്

ബഷീർ പാണ്ടിക്കാട് : 0566911064

മൊയ്തീൻകുട്ടി തെന്നല : 0565404151

അസീസ് വെങ്കിട്ട : 0501862559

യൂനുസ് സലീം താഴെക്കോട് : 0502845400